kusumammasika@gmail.com
www.facebook.com/balakusumam

# ബാല കുസുമം

2020 നവംബർ
വില 10 രൂപ



## പക്ഷികളെ നിരീക്ഷിക്കാം

ആനയെ കൊടുത്ത ചാച്ചാജി

ഔലിയാ കഥകൾ

ബാല കുസുമം

പുസ്തകം 8
ലക്കം 10
2020 നവംബർ




# പക്ഷികളെ നിരീക്ഷിക്കാം

**ഒ**രു നല്ല ശിക്കാരി (വേട്ടക്കാരൻ) ആവണം, സായിപ്പന്മാരെപ്പോലെ. പഠനത്തിൽ ഒട്ടും താൽപര്യമില്ലാതിരുന്ന സാലിമിന്റെ ആഗ്രഹമതായിരുന്നു. കുഞ്ഞായിരിക്കുമ്പോഴേ മാതാപിതാക്കൾ മരിച്ചുപോയതിനാൽ അമ്മാവനായിരുന്നു സാലിമിനെ പോറ്റിവളർത്തിയിരുന്നത്. തന്റെ ലക്ഷ്യം നേടിയെടുക്കാൻ പത്താം വയസ്സിലവൻ അമ്മാവന്റെ ഒരു എയർഗൺ ചോദിച്ചുവാങ്ങി സ്വന്തമാക്കി. പിന്നെ സദാസമയവും വേട്ട തന്നെ. കണ്ണിൽ കണ്ട പക്ഷികളെയെല്ലാം എയർഗൺ കൊണ്ട് വെടി വെച്ചിട്ടു. അടുക്കളയിൽ പക്ഷിമാംസം സുലഭമായി.

വീട്ടിലെ തൊഴുത്തിൽ കൂടുണ്ടാക്കി അടയിരിക്കുന്ന ഒരു പെൺകുരുവിയും ആൺകുരുവിയും സാലിമിന്റെ കണ്ണിൽ പെട്ടു. പിന്നെ താമസിച്ചി

ല്ല ആൺകുരുവിയെ തൽക്ഷണം വെടി വെച്ചിട്ടു. കുറച്ചുനേരം കഴിഞ്ഞു വന്നു നോക്കുമ്പോൾ മറ്റൊരു ആൺകുരുവി പെൺകുരുവിക്കു കാവലിരിക്കുന്നു! അതിനെയും വെടിവെച്ചിട്ടു. കുറച്ചു കഴിഞ്ഞപ്പോൾ മറ്റൊരു ആൺകുരുവിയെത്തി, കാവലിരിക്കാൻ. ഇങ്ങനെ എട്ട് ആൺകുരുവികളെ സാലിം വെടിവെച്ചു കൊന്നു. ഒൻപതാമത്തെ ആൺകുരുവിയും കാവലിന്നായെത്തിയതു കണ്ടപ്പോൾ സാലിമിന്റെ മനസ്സൊന്നു പിടഞ്ഞു. ആ പക്ഷികളുടെ ചലനങ്ങൾ ശ്രദ്ധിക്കാൻ തുടങ്ങി. അവയുടെ ഭംഗിയും കഴിവുകളും മനസ്സിനെ ആകർഷിച്ചു. അവയെ കൊല്ലുന്നതു ശരിയാണോ, അവയുടെ മാംസം തിന്നാൻ പറ്റുമോ എന്നൊക്കെയുള്ള ചിന്തകളുണ്ടായി.



സംശയങ്ങളുമായി അമ്മാവനെ സമീപിച്ചു. നിന്റെ സംശയങ്ങളൊക്കെ തീർത്തു തരാൻ ഞാനൊരാളെ പരിചയപ്പെടുത്തിത്തരാം എന്നു പറഞ്ഞ് അമ്മാവൻ സാലിമിനെ നാച്വറൽ ഹിസ്റ്ററി സൊസൈ


BALA KUSUMAM
Samastha Centre
Jafarkhan Colony
Calicut - 673006
Ph : 0495 2772 846, 47
kusumammasika@gmail.com

- പബ്ലിഷർ
  പി. കുഞ്ഞഹമ്മദ്
- ചീഫ് എഡിറ്റർ
  മുഹമ്മദ് പാറന്നൂർ
- എക്സിക്യൂട്ടീവ് എഡിറ്റർ
  സി.പി ശഫീഖ് ബുഖാരി
- എഡിറ്റർ
  മുഹമ്മദ് ഇഖ്ബാൽ
- ജനറൽ മാനേജർ
  എ. മൊയ്തീൻ മടവൂർ
- സർക്കുലേഷൻ
  ശരീഫ് സഖാഫി എടയൂർ
- ഇല്ലസ്ട്രേഷൻസ്
  ശ്യാംദാസ്, സന്തു കരിമണ്ണൂർ
- ഡിസൈൻ & ലേ-ഔട്ട്
  അൻവർ സ്വാദിഖ് ബുഖാരി

റ്റിയുടെ സെക്രട്ടറിയായ ഡബ്ല്യൂ. എസ് മില്ലാർഡിന്റെ അടുത്തേക്കു കൂട്ടിക്കൊണ്ടുപോയി. മില്ലാർഡ് സാലിമിനു വിവിധതരം കുരുവികളെയും മറ്റു പക്ഷികളെയും പരിചയപ്പെടുത്തി. അവയുടെ ജീവിതത്തെക്കുറിച്ചു നല്ല പാഠങ്ങൾ നൽകി. അതോടെ സാലിം പക്ഷിവേട്ട നിറുത്തി പക്ഷി നിരീക്ഷകനായി.

ആരാണീ സാലിമെന്നു നിങ്ങൾക്കറിയാമോ? 'ഇന്ത്യയിലെ പക്ഷിമനുഷ്യൻ' എന്ന പേരിൽ പ്രസിദ്ധനായ ഡോക്ടർ സാലിം അലി. സാലിം മുഈനുദ്ദീൻ അബ്ദുൽ അലി എന്നാണു പൂർണ്ണ നാമം. 1896 നവംബർ പന്ത്രണ്ടിന്നാണു സാലിം അലി മുംബൈയിൽ ജനിച്ചത്. അദ്ദേഹത്തിന്റെ ജന്മദിനമാണ് ദേശീയ പക്ഷി നിരീക്ഷണ ദിനമായി ആചരിക്കുന്നത്.

പക്ഷിനിരീക്ഷണത്തിനും പ്രകൃതിനിരീക്ഷണത്തിന്നുമായി ജീവിതം ഉഴിഞ്ഞുവെച്ച സാലിം അലി പക്ഷികളെക്കുറിച്ച് ഏറെ പഠിച്ചു. പഠനാർഹമായ ഗ്രന്ഥങ്ങളെഴുതി പലരാജ്യങ്ങളിലും ചെന്ന് അവിടുത്തെ പക്ഷികളെ നിരീക്ഷിച്ചു. അങ്ങനെ അദ്ദേഹം ലോകപ്രശസ്തനായി. ഇന്ത്യയിലെ പത്മഭൂഷൺ, പത്മവിഭൂഷൺ അവാർഡുകൾക്കു പുറമെ ലോകരാഷ്ട്രങ്ങളിൽ നിന്ന് അനേ



കം ബഹുമതികൾ അദ്ദേഹത്തെ തേടിയെത്തിയിട്ടുണ്ട്. നമ്മുടെ കേരളത്തിലും പല പ്രാവശ്യം വന്ന് അദ്ദേഹം പക്ഷിനിരീക്ഷണം നടത്തുകയും ഇവിടെയൊരു പക്ഷിസങ്കേതം സ്ഥാപിക്കാൻ ശിപാർശ ചെയ്യുകയുമുണ്ടായി. ഈ അടിസ്ഥാനത്തിൽ സ്ഥാപിതമായതാണ് തട്ടേക്കാട് എന്ന സ്ഥലത്തുള്ള സാലിംഅലി പക്ഷിനിരീക്ഷണ സങ്കേതം. 'കേരളത്തിലെ പക്ഷികൾ' എന്ന അദ്ദേഹത്തിന്റെ കൃതി ലോകപ്രസിദ്ധമാണ്. 'ഒരു കുരുവിയുടെ പതനം' എന്ന കൃതി സാലിംഅലിയുടെ ആത്മകഥയാണ്.


നവംബർ പന്ത്രണ്ടിനു നമുക്കും ആചരിക്കാം പക്ഷിനിരീക്ഷണ ദിനം. എന്തിനാണു പക്ഷികളെ നിരീക്ഷിക്കുന്നതെന്നു സംശയമുണ്ടാവാം. പക്ഷികളെ മാത്രമല്ല, നമ്മുടെ പ്രകൃതിയെയും സർവ ജീവജാലങ്ങളെയും സസൂക്ഷ്മം നിരീക്ഷിക്കേണ്ടതുണ്ട്. ഭൂമിയിൽ സഞ്ചരിക്കാനും ഒട്ടകങ്ങളെ എങ്ങനെ സൃഷ്ടിച്ചുവെന്നും ആകാശം എങ്ങനെ ഉയർത്തപ്പെട്ടുവെന്നും പർവ്വതങ്ങൾ എങ്ങനെ സ്ഥാപിക്കപ്പെട്ടുവെന്നുമൊക്കെ ചിന്തിക്കാനും അല്ലാഹു തന്നെ നമ്മോടു കൽപിക്കുന്നുണ്ടല്ലോ. സൂക്ഷ്മമായി ഇവയെ നിരീക്ഷിച്ചാൽ നമുക്ക് പല പാഠങ്ങളും പഠിക്കാനുണ്ടാവും. ആ പാഠങ്ങൾ സർവശക്തനായ അല്ലാഹുവിനെക്കുറിച്ചും അവന്റെ കഴിവുകളെക്കുറിച്ചും നമ്മെ ബോധ്യപ്പെടുത്തും. നമുക്ക് അല്ലാഹു ചെയ്തു തന്ന അനുഗ്രഹങ്ങളെ ഓർമ്മിപ്പിക്കും. ജീവിതത്തിൽ അഹങ്കരിക്കാൻ ഒന്നുമില്ലെന്ന പാഠം പഠിപ്പിക്കും. നമ്മെപ്പോലുള്ള ജീവികളാണ് മറ്റുള്ളവയുമെന്നും അവയെ ദ്രോഹിക്കുന്നത് പാപമാണെന്നും മനസ്സി




ലാക്കിത്തരും. നമ്മെപ്പോലെ കുടുംബങ്ങളും കൂട്ടുകാരും അവയ്ക്കുമുണ്ടെന്ന തിരിച്ചറിവ് തരും. ആ കുടുംബങ്ങളെയും കൂട്ടുകാരെയും മാനിക്കാൻ താൽപര്യം ജനിപ്പിക്കും. അനാവശ്യമായി ഒരു ജീവിയെയും കൊല്ലരുതെന്ന മഹത്തായ പാഠം നൽകും.

ഈ പക്ഷിനിരീക്ഷണ ദിനത്തിൽ കുസുമത്തിന്റെ കൂട്ടുകാരും പക്ഷികളെ നിരീക്ഷിക്കാൻ തുടങ്ങൂ. നമുക്കു ചുറ്റും എത്രയെത്ര പക്ഷികൾ! അവയിൽ പലതും നമ്മുടെ വീട്ടുമുറ്റത്തും പറമ്പിലുമൊക്കെ നിത്യസന്ദർശകരാണല്ലോ. അവയുടെ ശബ്ദങ്ങൾ എത്ര മനോഹരമാണ്. അവ ആസ്വദിക്കാൻ കഴിയുന്നുണ്ടോ നിങ്ങൾക്ക്? ഒരു പക്ഷി തന്നെ എത്ര തരം ശബ്ദങ്ങൾ പുറപ്പെടുവിക്കുന്നുണ്ട്. അവയിൽ പലതിന്റെയും പ്രവർത്തനങ്ങൾ നമുക്കു സഹായമല്ലേ? കൃഷികളിലെ കീടങ്ങളെ തിന്നൊടുക്കുന്നവർ, അപകടകാരികളായ ചില പ്രാണികളെ ഇല്ലാതാക്കുന്നവർ, പലതരം സസ്യങ്ങളുടെയും വൃക്ഷങ്ങളുടെയും വിത്തുകൾ വിതരണം ചെയ്യുന്നവർ, പൂക്കളിൽ പരാഗണം നടത്തുന്നവർ, നിരന്തരം സ്രഷ്ടാവിനെ വാഴ്ത്തിക്കൊണ്ടിരിക്കുന്നവർ, നമ്മെ സമാധാനിപ്പിക്കുന്നവർ, രസിപ്പിക്കുന്നവർ ഇങ്ങനെ എത്രയെത്ര തരം പക്ഷികൾ! അടുത്തറിയാൻ ശ്രമിച്ചു നോക്കൂ! കുറിപ്പുകൾ തയ്യാറാക്കൂ!



# അപ്രത്യക്ഷ സഹായി

ഇ. എം അദ്നാൻ

**പ**ഴവർഗ്ഗങ്ങളും അരുവികളും നിറഞ്ഞ സമൃദ്ധമായ പ്രദേശമാണ് ലബനോൻ മല. ആധ്യാത്മിക ഗുരുക്കളുടെ സംഗമസ്ഥാനമായിരുന്നു ഈ പ്രദേശം. ശക്തമായ ശൈത്യമുള്ള ഒരു ദിവസം, പാവപ്പെട്ട ഏതാനും ചിലർ ലെബനാൻ മലയുടെ താഴ്‌വരയിൽ തീ കായാൻ ഒരുമിച്ചുകൂടി. കൂട്ടത്തിലൊരാൾ അഭിപ്രായപ്പെട്ടു: "ഈ തീയിൽ ചുട്ട് തിന്നാൻ പറ്റുന്ന വല്ലതും കിട്ടിയാൽ നന്നായിരുന്നു." ഇതു കേൾക്കേണ്ട താമസം കൂട്ടത്തിലുണ്ടായിരുന്ന ഒരു ദരിദ്രൻ പറഞ്ഞു: "ഞാൻ അസർ നിസ്കാരത്തിന് ഇബ്രാഹീമുബ്നു അദ്ഹം(റ) ആരാധന നടത്തിയിരുന്ന സ്ഥലത്തായിരുന്നു. അവിടെ ഒരു കാട്ടുകഴുത മഞ്ഞിൽ ഉറഞ്ഞു കിടക്കുന്നുണ്ട്. അത് അനങ്ങാൻ കഴിയാതെ അവിടെത്തന്നെ കാണുമെന്നാണ് തോന്നുന്നത്. ആരെങ്കിലും ഇപ്പോൾ പോവുകയാണെങ്കിൽ അതിനെ പിടിച്ചു കൊണ്ടുവരാം. മാംസം വേവിച്ചെടുത്ത് നമുക്ക് കഴിക്കുകയും ചെയ്യാം."

ആ മനുഷ്യനെ ആരും കൂടുതൽ ഗൗനിച്ചില്ല. ഏതായാലും, ചിലർ കാട്ടുകഴുതയെ തേടി അദ്ദേഹം പറഞ്ഞ സ്ഥലത്തേക്ക് നീങ്ങി. അയാൾ പറഞ്ഞ പോലെ തന്നെ ആ കാട്ടുകഴുത അവിടെ മഞ്ഞിൽ ഉറഞ്ഞു കിടപ്പുണ്ടായിരുന്നു. അതിനെ കൊണ്ടുവന്ന് തീയിൽ വേവിച്ചു. ഭക്ഷണം കഴിക്കാനിരുന്ന സമയത്ത് ആ മൃഗത്തെക്കുറിച്ച് വിവരം തന്ന മനുഷ്യനെ അവർ ചുറ്റും തിരഞ്ഞു. പക്ഷേ, ഒരു തുമ്പും ലഭിച്ചില്ല. അയാൾ എങ്ങോ പോയി മറഞ്ഞിരുന്നു.

നവംബർ 14 ശിശുദിനം
(ചാച്ചാജി നെഹ്റുവിന്റെ ജന്മദിനം)

# ആനയെ കൊടുത്ത ചാച്ചാജി

കുഞ്ഞുമോൻ / അബൂതസ്നീം

"വൈകുന്നേരം മാമൻ വരും, അതിനു മുമ്പ് പഠിക്കാനുള്ളതൊക്കെ പഠിച്ചുതീർക്കണം ട്ടോ കുഞ്ഞ്യോനേ." ഉമ്മായുടെ മുന്നറിയിപ്പ് കേട്ടപ്പോൾ കുഞ്ഞുമോന് ആവേശം അടക്കി നിർത്താനായില്ല... അവൻ വാഹ്... എന്നു വിളിച്ച് കൈകളുർത്തി ഒരു ചാട്ടം ചാടി.

കുറേ ദിവസങ്ങളായല്ലോ മാമനെ കാത്തിരിക്കുന്നു. പല സംശയങ്ങളുമുണ്ടാവും കുഞ്ഞുമോന് അറിയാവുന്നതൊക്കെ ഉമ്മ പറഞ്ഞുകൊടുക്കും. ചിലത് മാമൻ വരുമ്പോൾ ചോദിച്ചേക്കാൻ പറയും. എന്തു ചോദിച്ചാലും മാമൻ വിശദമായി പറഞ്ഞുതരും. മാമൻ വന്നാൽ പിന്നെ പോകുന്നതു വരെ കുഞ്ഞുമോൻ കൂടെയുണ്ടാവും. അപ്പോൾ പിന്നെ പാഠം വായിക്കാനൊന്നും അവനെ കിട്ടില്ല. അതുകൊണ്ടാണ് ഉമ്മ രാവിലെത്തന്നെ മുന്നറിയിപ്പ് നൽകിയത്.

മാമനോട് ചോദിക്കാൻ കുറേ കാര്യങ്ങൾ കരുതിവെച്ചിട്ടുണ്ട്. അതിലൊന്നാണ് ശിശുദിനം. കലണ്ടറിൽ നോക്കിയപ്പോൾ കണ്ടതാണ്, നവംബർ 14 ശിശുദിനം എന്ന്. ഉമ്മയോട് അതിനെക്കുറിച്ച് അപ്പോൾ തന്നെ ചോദിച്ചതാണ്. 'അതൊക്കെ മാമൻ വരുമ്പോൾ ചോദിക്ക്' എന്നാണുമ്മ പറഞ്ഞത്.

ഓൺലൈൻ ക്ലാസുകൾ ന

ന്നായി ശ്രദ്ധിച്ച് ഹോം വർക്കുകളൊക്കെ പെട്ടെന്നു ചെയ്തു തീർത്തു. ഒന്നു മുറ്റത്തേക്കിറങ്ങാനൊരുങ്ങിയപ്പോഴാണ് മാമന്റെ വണ്ടിയുടെ ഒച്ച കേട്ടത്.



"ഉമ്മാ, മാമൻ വന്നു" എന്ന് അകത്തേക്കു വിളിച്ചുപറഞ്ഞ് അവൻ മാമനെ സ്വീകരിക്കാനായി മുറ്റത്തേക്കോടി. മാമന്റെ കൈപിടിച്ച് വരാന്തയിലേക്കു കയറുമ്പോൾ ഉമ്മ വന്നു ചിരിച്ചുകൊണ്ടു പറഞ്ഞു: "മാമൻ വരുന്നേന്ന് കേട്ടപ്പോ ഇവിടെ ഒരാൾക്കിന്ന് പെരുന്നാളാ.."

"കുഞ്ഞ്യോനല്ലേ? ഇന്നിപ്പോ എന്തൊക്കെ സംശയമാണാവോ ചോദിക്കാന്ണ്ടാവാ."

മാമൻ ഇങ്ങനെ പറഞ്ഞ് മുഖത്തേക്ക് നോക്കിയപ്പോൾ കുഞ്ഞുമോൻ നാണിച്ചുപോയി.

വന്നു കയറിയപാടെ ചോ

ദ്യങ്ങൾ ചോദിച്ചു ബുദ്ധിമുട്ടാക്കരുതെന്ന് ഉമ്മ പലവട്ടം പറഞ്ഞതാണെങ്കിലും ക്ഷമിച്ചിരിക്കാൻ കഴിയുന്നില്ല. മാമൻ സോഫയിൽ ഇരുന്ന പാടെ കുഞ്ഞുമോൻ ചോദിച്ചു: “മാമാ, ശിശുക്കൾ എന്നു പറഞ്ഞാൽ കുട്ടികൾ എന്നല്ലേ അർത്ഥം? അപ്പോ ശിശുദിനം എന്നാൽ കുട്ടികളുടെ ദിനം അല്ലേ? അപ്പോ ഞങ്ങളുടെ ദിനമല്ലേ നവംബർ പതിനാല്?”

“അതേടോ, എന്താ സംശയം? നവംബർ പതിനാല് നിങ്ങളുടെ ദിനം തന്നെയാ”.

“അതെന്തിനാ അങ്ങനൊരു ദിനം? അന്നെന്താ ചെയ്യേണ്ടത്?”

“അതിനെക്കുറിച്ച് ഒരുപാട് പറയാനുണ്ടെടോ.”

“എന്നാ പറ മാമാ, ഞാൻ കൊറേ ദെവസായി അതറിയാൻ കാത്തിരിക്ക്ണ്.”

“നല്ല മോൻ. എന്തൊക്കെയാണ് മോന് ശിശു ദിനത്തെക്കുറിച്ചറിയേണ്ടത്?”

“എല്ലാം അറിയണം.”

“എന്നാൽ കേട്ടോളൂ . നമ്മുടെ സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനമാണ് ശിശുദിനമായി ആഘോഷിക്കുന്നത്.”

‘നെഹ്റുവിന്റെയോ? എന്റെ ആൽബത്തിൽ നെഹ്റുവിന്റെ ഫോട്ടോ ഉണ്ടല്ലോ’ എന്നു പറഞ്ഞ് കുഞ്ഞുമോൻ അകത്തേക്കോടി ആൽബവുമായി വന്നു. മാമൻ പറഞ്ഞുകൊടുത്തതനുസരിച്ച് പത്രങ്ങളിൽ നിന്നും മറ്റും ഫോട്ടോ വെട്ടിയെടുത്ത് കുഞ്ഞുമോൻ തന്നെ ഉണ്ടാക്കിയതാണ് ആൽബം.

“ഇതാ, ഇദ്ദേഹമല്ലേ ജവഹർലാൽ നെഹ്റു?” തൊപ്പി ധരിച്ച്, നീണ്ട ജൂബ്ബായിട്ട് ചിരിച്ചു നിൽക്കുന്ന ഒരാളുടെ ഫോട്ടോ കാണിച്ചുകൊണ്ട് കുഞ്ഞുമോൻ ചോദിച്ചു.

“അതേ, അദ്ദേഹം തന്നെയാണ് ചാച്ചാജി എന്നറിയപ്പെടുന്ന ജവഹർലാൽ നെഹ്റു.”

“അതെന്തിനാ മാമാ നെഹ്റു കുപ്പായത്തിന്റെ ബട്ടനിൽ ഒരു റോസാപ്പൂ തുന്നിവെച്ചത്?”

“ഹോ, അതാണല്ലേ നീയിപ്പോ ആദ്യം കണ്ടത്. അതൊരു കഥയാണെടോ.”

“എന്തു കഥ? അതൊന്നു പറഞ്ഞുതരുമോ?”

“പ്രധാനമന്ത്രിയായിരുന്ന

ല്ലോ നെഹ്റു. അദ്ദേഹത്തെ കാണാൻ ദിവസവും വലിയ വലിയ ആൾക്കാർ സമ്മാനങ്ങളുമായി എത്താറുണ്ടായിരുന്നു. പാവപ്പെട്ട ഒരു സ്ത്രീയുണ്ടായിരുന്നു അവിടെ. അവർക്കൊരു മോഹം; പ്രധാനമന്ത്രിയെ തനിക്കും ഒന്നു നേരിൽ കാണണമെന്ന്. വിലപ്പെട്ട സമ്മാനങ്ങളൊന്നും കൊടുക്കാൻ അവരുടെ കൈയിൽ പണമില്ലായിരുന്നു. നെഹ്റുവിന് പൂക്കൾ ഏറെ ഇഷ്ടമാണെന്നറിഞ്ഞ അവർ താൻ നട്ടുവളർത്തിയ റോസാ ചെടിയിൽ നിന്ന് ഒരു പൂപറിച്ചെടുത്ത് പുറപ്പെട്ടു. എന്നാൽ അവളുടെ മുഷിഞ്ഞ ഉടുപ്പുകളും മറ്റും കണ്ട് കാവൽക്കാർ അകത്തേക്കു കയറ്റിവിട്ടില്ല. തിരിച്ചുപോന്ന അവർ പിറ്റേ ദിവസവും പൂവുമായി നെഹ്റുവിനെ കാണാൻ ചെന്നു. കാവൽക്കാർ അന്നും അവളെ അകത്തുകടക്കാൻ അനുവദിച്ചില്ല. നിരാശപ്പെടാതെ അവൾ അടുത്ത ദിവസവും പുറപ്പെട്ടു. അന്നും അനുവാദം കിട്ടിയില്ല. ഇങ്ങനെ കുറേ ദിവസങ്ങൾ.





ഒരു ദിവസം അവർ കാവൽക്കാരോട് ദേഷ്യപ്പെട്ടു സംസാരിച്ചു. ശബ്ദം കേട്ടു പുറത്തു വന്ന നെഹ്റു എന്താണ് കാര്യമെന്നന്വേഷിച്ചു. തന്നെ കാണാൻ വന്നതാണെന്നറിഞ്ഞപ്പോൾ അവർക്ക് അകത്തു കടക്കാൻ അനുവാദം കൊടുക്കാൻ നെഹ്റു കൽപിച്ചു. അവർ സന്തോഷത്തോടെ നെഹ്റുവിനെ കണ്ട് പനിനീർപൂ സമ്മാനിച്ചു. അനേകം ദിവസങ്ങളായി കാണാൻ വന്നുകൊണ്ടിരുന്ന കാര്യം പറഞ്ഞപ്പോൾ നെഹ്റുവിന് അവരോട് സ്നേഹവും ആദരവും തോന്നി. ആ പനിനീർപൂ നെഹ്റു തന്റെ ജുബ്ബയിൽ കുത്തിവെച്ചു. അതു കണ്ടപ്പോൾ ആ സ്ത്രീക്ക് ഏറെ സന്തോഷമായി. അന്നു മുതലാണത്രെ പൂക്കളെയും കുട്ടികളെയും ഏറെ സ്നേഹിക്കുന്ന ജവഹർലാൽ തന്റെ ജുബ്ബയിൽ പനിനീർപൂ കുത്തിവെക്കാൻ തുടങ്ങിയത്.”

“അതിന്നാണോ ശിശുദിനം ആചരിക്കുന്നത്?”

‘‘അതിനൊന്നുമല്ല നെഹ്റുവിന് കുട്ടികളോട് ഏറെ ഇഷ്ടമായിരുന്നു എന്നു പറഞ്ഞല്ലോ. കുട്ടികളുടെ ക്ഷേമത്തിലും സ്വാതന്ത്ര്യത്തിലും വിദ്യാഭ്യാസത്തിലും മറ്റും ശ്രദ്ധ കേന്ദ്രീകരിക്കാൻ ഒരു ദിനം ആചരിക്കണം എന്ന ചർച്ച വന്നപ്പോൾ കുട്ടികളുടെ ഇഷ്ട ചങ്ങാതിയായിരുന്ന ജവഹർലാലിന്റെ ജന്മദിനം തന്നെയാക്കാം ശിശുദിനം എന്നു പലരും അഭിപ്രായപ്പെട്ടു. അങ്ങനെയാണ് നവംബർ പതിനാല് ശിശുദിനമായി ആചരിക്കാൻ തീരുമാനിച്ചത്. യഥാർത്ഥത്തിൽ നവംബർ ഇരുപതിനാണ് ഐക്യരാഷ്ട്ര സഭ ശിശുദിനം ആചരിക്കുന്നത്. നാമത് നെഹ്റുവിന്റെ ജന്മദിനത്തിലേക്കു മാറ്റുകയായിരുന്നു.”

“ചാച്ചാജിയെക്കുറിച്ചു വേറെ കഥകളൊന്നുമില്ലേ മാമാ?”

‘‘ഉണ്ടല്ലോ. ഒരാനക്കഥ കേൾക്കണോ നിനക്ക്?”

“ആനക്കഥയോ?”

“അതേ മോനേ. വിവിധ രാജ്യങ്ങളിലെ കുട്ടികളോട് സംവദിക്കുന്ന പതിവുണ്ടായിരുന്നു ചാച്ചാജിക്ക്. ഒരിക്കൽ ജപ്പാനി

ലെ കുട്ടികളുമായി കത്തിടപാടുകൾ നടത്തിയപ്പോൾ ആനയെക്കുറിച്ചുള്ള വർത്തമാനമുണ്ടായി. അപ്പോൾ കുട്ടികൾ പറഞ്ഞത്രെ. ഞങ്ങളിതു വരെ ജീവനുള്ള ഒരാനയെ കണ്ടിട്ടില്ല. അതുകേട്ട് ചാച്ചാജിക്ക് അവരോടു സഹതാപം തോന്നി. മൈസൂരിൽ നിന്ന് ഒരാനക്കുട്ടിയെ വാങ്ങി ഇന്ദിര എന്ന് ഓമനപ്പേരിട്ട് ജപ്പാനിലേക്ക് അയച്ചുകൊടുത്തുവത്രെ. വിവരമറിഞ്ഞ് മറ്റു പല രാജ്യങ്ങളിലെയും കുട്ടികളും നെഹ്റുവിന് കത്തെഴുതി: 'ഞങ്ങളും ആനയെ കണ്ടിട്ടില്ല. ജീവനുള്ള ഒരാനയെ ഞങ്ങൾക്കും അയച്ചു തരണം.' കുട്ടികളുടെ ആവശ്യമല്ലേ, ചാച്ചാജിക്ക് അതു തള്ളിക്കളയാൻ കഴിഞ്ഞില്ല. അങ്ങ

# തത്തമ്മ



**അ**ങ്ങേക്കുന്നിലെ പൂമരച്ചില്ലയിൽ
ആലോലമാടും തത്തമ്മേ
അരികിൽ വരാമോ മുത്തം തരാമോ
അമ്മാനക്കിളി തത്തമ്മേ!

കദളിപ്പഴത്തിൻ മധുരം ചാലിച്ച
നിന്റെയോമൽ ചുണ്ടുകളിൽ
ഒന്നു തൊടാനായ് മുത്തമിടാനായ്
എന്നരികിൽ വാ... തത്തമ്മേ!

എനിക്കു പറക്കാൻ ചിറകില്ലല്ലോ
കൊമ്പിലിരിക്കാൻ കഴിവില്ല
തെന്നലാകും തേരിലേറി നീ
എന്നരികിൽ വാ... തത്തമ്മേ!

**ജയൻ കടലുണ്ടി**

നെ ഹോളണ്ട്, ജർമ്മനി, റഷ്യ, സൗദി അറേബ്യ, കാനഡ, ഓസ്ട്രേലിയ, അമേരിക്ക തുടങ്ങിയ രാജ്യങ്ങളിലെ കുട്ടികൾക്കും അദ്ദേഹം ആനകളെ അയച്ചുകൊടുത്തുവത്രെ."

"ആനകളെ കൊടുക്ക്വോ?"

"വിശ്വാസമാകുന്നില്ല അല്ലേ? കുട്ടികളുടെ ആവശ്യങ്ങളൊന്നും തള്ളിക്കളയാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നില്ല. അതുകൊണ്ടാണിങ്ങനെ ആനകളെപ്പോലും കൊടുക്കാൻ തയ്യാറായത്."

"ഹായ്... ചാച്ചാജി ഇപ്പോ ഉണ്ടായിരുന്നെങ്കില്..."

"ഉണ്ടായിരുന്നെങ്കില് കുഞ്ഞ്യോൻ എന്താണ് ചാച്ചാജിയോട് ചോദിക്കുക?"

"ഞാനോ... ഞാനൊരു വിമാനം ചോദിക്കും. എന്നിട്ട് ആ വിമാനത്തിൽ കയറി ലോകം മുഴുവൻ ചുറ്റിക്കാണും."


"നല്ല മോഹം തന്നെ. പക്ഷേ, ചാച്ചാജി എന്നോ മരിച്ചു പോയില്ലേ? അതു പോട്ടെ. ചാച്ചാജി ജനിച്ച വർഷവും മരണപ്പെട്ട വർഷവുമൊക്കെ കുഞ്ഞുമോനറിയാമോ?"

"നവംബർ പതിനാലിന്നാണ് ജനിച്ചത് എന്നു പറഞ്ഞല്ലോ."

"അതെ, 1889 നവംബർ 14 ന്. മരണപ്പെട്ടത് 1964ലാണ്. 1947ൽ ഇന്ത്യ സ്വതന്ത്രമായതു മുതൽ പതിനേഴു വർഷം പ്രധാനമന്ത്രിയായിരുന്നു ജവഹർലാൽ നെഹ്റു. നെഹ്റുവിന്റെ 'ഒരച്ഛൻ മകൾക്കയച്ച കത്തുകൾ' എന്ന ഗ്രന്ഥത്തെക്കുറിച്ചു കേട്ടിട്ടുണ്ടോ? സ്വാതന്ത്ര സമരകാലത്ത് ജയിലിലായപ്പോൾ മകൾ ഇന്ദിരയ്ക്ക് അയച്ച കത്തുകളാണീ ഗ്രന്ഥത്തിൽ. കത്തുകളെന്നു പറഞ്ഞാൽ സാധാരണ വർത്തമാനങ്ങളല്ല അതിലുള്ളത്. നമ്മുടെ പ്രകൃതിയുടെയും ജനങ്ങളുടെയും രാജ്യത്തിന്റെയും ലോകത്തിന്റെയുമൊക്കെ കഥകൾ. കുട്ടികൾക്കു മനസ്സിലാകുന്ന തരത്തിൽ അവതരിപ്പിച്ചിരിക്കയാണ് ആ കത്തുകളിൽ."

"മാമൻ വന്നിട്ട് ഒരു ഗ്ലാസ് വെള്ളം കുടിക്കാൻ പോലും ഇട കിട്ടിയില്ലല്ലോ"

മാമൻ നിർബന്ധമായും ഇങ്ങോട്ടു വരണേ. ഞാനുമ്മയോട് പറഞ്ഞ് പായസമുണ്ടാക്കി വെക്കുന്നുണ്ട്. ഞങ്ങളുടെ ദിനവും ചാച്ചാജിയുടെ ജന്മദിനവും ആഘോഷിക്കാൻ!.


സഫർ
സഫറും കൂട്ടുകാരും ഒരിടത്തിരിക്കുന്നു. അപ്പോൾ മുഷിഞ്ഞ വസ്ത്രങ്ങൾ ധരിച്ചുകൊണ്ടൊരാൾ കടന്നുവന്നു
അസ്സലാമു അലൈക്കും.
വഅലൈകുമുസ്സലാം
എന്താ ചങ്ങാതീ ഇങ്ങനെ മുഷിഞ്ഞ വേഷത്തിൽ?
ഇങ്ങനെയൊക്കെ മതിയെടോ. മരിക്കാനുള്ള ശരീരമല്ലേ?
എന്നാലും വൃത്തിയിൽ നടക്കണം.
നിങ്ങളെപ്പോലെ സൂട്ടും കോട്ടുമിട്ട് അത്തർ പൂശി കിബ്റ് നടിക്കണമെന്നാണോ?
ഇതൊന്നും കിബ്റല്ലെടോ. മുത്ത് റസൂൽ പഠിപ്പിച്ച രീതിയാണ്.
മുത്ത് റസൂൽ ഇങ്ങനെയൊക്കെയാണോ പഠിപ്പിച്ചത്?
അതേ. കഴിയുന്നത്ര നല്ല വസ്ത്രം ധരിക്കണം. സുഗന്ധം പൂശണം, ശരീരം വൃത്തിയാക്കണം, ഇടയ്ക്കിടെ പല്ലു തേച്ച് വായ് ദുർഗന്ധം അകറ്റണം, മുടി ചീകണം.


ഒന്നു ചോദിക്കട്ടേ ചങ്ങാതീ, നീയിന്നു കുളിച്ചോ?
ഇല്ല, അതിനു സമയം കിട്ടിയില്ല.
പല്ല് തേച്ചോ?
അത്... അത്... മറന്നുപോയി.
ഈ ഉടുപ്പുകളൊക്കെ അലക്കിയിട്ടെത്ര ദിവസമായി?
രണ്ടു മൂന്നു ദിവസമായിക്കാണും.
നിങ്ങൾ വരുമ്പോൾ ചിലരൊക്കെ മൂക്കു പൊത്തിയതു കണ്ടോ?
ഞാനതു ശ്രദ്ധിച്ചില്ല.
ചങ്ങാതീ. ഉള്ളി തിന്നശേഷം ആ ദുർഗന്ധവുമായി പള്ളിയിൽ വരുന്നതു പോലും മുത്തുനബി നിരോധിച്ചതാണ്. ആ ദുർഗന്ധം മറ്റുള്ളവർക്ക് ഏൽക്കാതിരിക്കാൻ. എന്നിട്ടാണ് നീയിങ്ങനെ കുളിക്കാതെയും അലക്കാതെയും വന്ന് ജനങ്ങളെ ബുദ്ധിമുട്ടാക്കുന്നത് അല്ലേ.
സോറി ചങ്ങാതീ. ഞാനത്രയൊന്നും ആലോചിച്ചില്ല.
എന്നാലേയ്, ശുദ്ധി വിശ്വാസത്തിന്റെ പകുതിയാണ് എന്ന് മുത്ത് നബി(സ്വ) പറഞ്ഞതോർക്കുക. മുസ്‌ലിമാണോ വൃത്തിയുണ്ടാവണം.
ഇനി ഞാൻ ശ്രദ്ധിക്കാം ചങ്ങാതീ...


ജുനൈദ് വിളയിൽ

# ശൈഖ് ജീലാനി

**ഹി**ജ്റ 470 ലാണ് ശൈഖ് അബ്ദുൽ ഖാദിർ ജീലാനി (റ) ജനിച്ചത്. പിതാവ് അബൂ സ്വാലിഹ്. മാതാവ് ഉമ്മുൽ ഖൈർ ഫാത്വിമ. ഇരുവരും ആത്മീയ സരണിയിൽ ഉന്നതി നേടിയവരായിരുന്നു. ഉപ്പയുടെ കുടുംബ പരമ്പര ഹസൻ (റ)വിലേക്കും മാതാവിന്റേത് ഹുസൈൻ (റ)വിലേക്കുമാണ് ചെന്നെത്തുന്നത്.

ജീലാനീ ശൈഖിന്റെ ചെറുപ്രായത്തിൽ തന്നെ ഉപ്പ അബൂ സ്വാലിഹ് വഫാതായി. തുടർന്ന് മാതൃ പിതാവ് അബ്ദുല്ലാഹിസ്സൗമഈ എന്ന സ്വാത്വികന്റെ പരിചരണത്തിലായിരുന്നു. അദ്ദേഹം തന്നെയാണ് ശൈഖവർകളെ ആത്മീയ സരണിയിലേക്ക് വഴി നടത്തിയതും.


പതിനെട്ടാം വയസ്സിൽ പഠനാവശ്യാർത്ഥം ബാഗ്ദാദിലേക്ക് പോയി. പ്രമുഖ പണ്ഡിത



രിൽ നിന്നു ഫിഖ്ഹ്, ഹദീസ്, തസ്വവ്വുഫ് തുടങ്ങിയ പല വിജ്ഞാന ശാഖകളും കരസ്ഥമാക്കി. ശാഫിഈ, ഹമ്പലീ മദ്ഹബുകളിൽ മഹാനവർകൾ ഫത്‌വ നൽകിയിരുന്നു. എഴുപത്തിമൂന്ന് വർഷത്തോളം ബാഗ്ദാദിൽ താമസിച്ചു.

ആത്മീയ വഴിയിലെ പ്രധാന ഗുരു ഹമ്മാദ് (റ) ആയിരുന്നു.

ചെറുപ്രായം തൊട്ടേ മഹാനവർകളിൽ പല അൽഭുതങ്ങളും കാണപ്പെട്ടിരുന്നു. റമളാനിലെ പകലുകളിൽ മുല കുടിക്കാതിരുന്നതും കുട്ടിക്കാലത്ത് പശു സംസാരിച്ചതും കൊള്ള സംഘത്തെ നേർവഴിക്ക് നടത്താൻ കാരണക്കാരായതുമൊക്കെ ശൈഖവർകളുടെ മഹത്വം വെളിപ്പെടുത്തുന്നു.



പൊതു ജനങ്ങൾക്കിടയിൽ പ്രബോധനം നടത്താൻ ചില പ്രയാസങ്ങൾ നേരിട്ടു. അപ്പോൾ നബി(സ)യും പിന്നീട് അലി(റ)വും സ്വപ്നത്തിലൂടെ അവിടുത്തെ സമീപിച്ച് ആശ്വസിപ്പിക്കുകയും ഉമിനീർ പകർന്നു നൽകുകയും ചെയ്തു. തുടർന്ന് അദ്ദേഹം പ്രബോധനം തുടങ്ങി. പ്രഗത്ഭരായ ജ്ഞാനികളും സൂഫികളും ജിന്നുകളുമൊക്കെ അദ്ദേഹത്തിന്റെ വാക്കുകൾ കേൾക്കാനെത്താറുണ്ടായിരുന്നു.

ഹിജ്റ 561 ലാണ് മഹാനവർകളുടെ വഫാത്ത്.

## പൂമ്പാറ്റകൾ

ശലഭങ്ങളെ രണ്ടായി തരംതിരിക്കാം. നിശാശലഭങ്ങളും ചിത്രശലഭങ്ങളും. ഇതിൽ രണ്ടിലും കൂടി 1,40,000 ഇനങ്ങളുണ്ട്.അതിൽ 17,200 എണ്ണം ചിത്രശലഭങ്ങളാണ്. ഇന്ത്യയിൽ അഞ്ചു കുടുംബങ്ങളിലായി ആയിരത്തി അഞ്ഞൂറിലേറെ ചിത്രശലഭങ്ങൾ കണ്ടുവരുന്നു. കേരളത്തിൽ ഏതാണ്ട് 322 ഇനങ്ങളെ തിരിച്ചറിഞ്ഞിട്ടുണ്ട്. ലോകത്തിലെ ഏറ്റവും ചെറിയ ശലഭമായ രത്നനീലിയും ഇന്ത്യയിലെ ഏറ്റവും വലിയ ചിത്രശലഭമായ ഗരുഡശലഭവും കാണപ്പെടുന്നതും കേരളത്തിലാണ്.





സ്കൂൾ പ്രൊജക്റ്റ്

ശാമിൽ ചുള്ളിപ്പാറ

# ദാഹജലം തരുമോ?

'വെള്ളം വെള്ളം സർവത്ര
തുള്ളി കുടിക്കാനില്ലത്രെ'

വെള്ളമെന്നു കേൾക്കുമ്പോൾ കൂട്ടുകാരുടെ മനസ്സകങ്ങളിലേക്ക് ഓടിവരും ഈ വരികൾ. ഭൂമിയുടെ മൂന്നിൽ രണ്ട് ഭാഗവും വെള്ളമാണല്ലോ, എന്നിട്ടും കുടിക്കാൻ ഒരു തുള്ളി വെള്ളമില്ല എന്ന് പറയുന്നത് പ്രിയകൂട്ടുക്കാർ കേട്ടിട്ടുണ്ടോ? സത്യമാണത്. ലോകത്ത് ഒരു തുള്ളിജലത്തിനായി കേഴുന്ന നിരവധി മനുഷ്യരുണ്ട്. ലോകത്ത് മുപ്പത് രാജ്യങ്ങൾ കടുത്ത കുടിവെള്ളക്ഷാമത്തിലാണ്.110 കോടി മനുഷ്യർക്ക് കുടിവെള്ളം കിട്ടുന്നില്ലെന്നാണ് ഐക്യരാഷ്ട്രസഭ പറയുന്നത്.10 വർഷം കൂടി കഴിയുമ്പോൾ ലോകത്തെ മൂന്നിൽ രണ്ടു ഭാഗം ജനങ്ങൾക്ക് രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടേണ്ടിവരുമെന്ന് ഐക്യരാഷ്ട്രസഭ മുന്നറിയിപ്പ് നൽ

കിയിട്ടുണ്ട്. ജലമാണ് ഭൗമോപരിതലത്തിൽ ഏറ്റവും കൂടുതലായി കാണപ്പെടുന്ന സംയുക്തം. ജലത്തിലെ ഹൈഡ്രജനും ഓക്സിജനും തമ്മിലുള്ള അനുപാതം 2:1 ($H_2$ O)ആണ്. ഭൂമിയിൽ വിവിധരൂപത്തിൽ ലഭ്യമായ ജലത്തിന്റെ ആകെ അളവ് 140 കോടി ഘനമീറ്റർ ആണെന്ന് ഐക്യരാഷ്ട്രസഭ പരിസ്ഥിതി പരിപാടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. ലോകത്തിലെ മൊത്തം വെള്ളത്തിന്റെ 97 ശതമാനം സമുദ്രങ്ങളിലാണുള്ളത്. ഇതിന് ഉപ്പുരസമാണ്. ബാക്കിയുള്ള മൂന്ന് ശതമാനം മാത്രമാണ് ശുദ്ധജലം. ഇതിന്റെ മുക്കാൽ പങ്കും മഞ്ഞുമലകളിലും ഹിമാനികളിലുമാണുള്ളത്.

## ലോക ജലദിനം

മാർച്ച് 22 ലോക ജല ദിനമാണ്.1992 ഡിസംബർ 22 ന് പരിസ്ഥിതിയും വികസനവും വിഷയമാക്കി നടന്ന ഐക്യരാഷ്ട്രസഭയുടെ സമ്മേളനത്തിലാണ് മാർച്ച് 22 ജലദിനമായി ആചരിക്കാൻ തീരുമാനിച്ചത്. ലോകത്തെല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കുക എന്നതായിരു ലക്ഷ്യം. ആഗോളതാപനവും വർധിച്ചു വരുന്ന മലിനീകരണവും കുടിവെള്ള ലഭ്യത കുറയ്ക്കുന്നതിൽ മുഖ്യപങ്കു വഹിക്കുന്നു.

## എന്താണ് കുടിവെള്ളം ?

വെള്ളം ഭൂമിയിൽ ധാരാളമുണ്ടെങ്കിലും അവയെല്ലാം കുടിക്കാൻ പറ്റുന്നതല്ല. വിവിധ തരം മാലിന്യങ്ങളും രാസവസ്തുക്കളും വെള്ളത്തിൽ അടങ്ങിയിട്ടുണ്ടാകും. ജലസ്രോതസ്സുകളിലേക്ക് കലരുന്ന വ്യവസായിക മാലിന്യങ്ങളാണ് കുടിവെള്ളത്തിന് മറ്റൊരു ഭീഷണി. ശുദ്ധജലത്തിൽ തന്നെ ഭൂരിഭാഗവും കുടിക്കാൻ യോഗ്യമല്ലാത്ത ജലമാണ് എന്നാണ് ലോകാരോഗ്യ സംഘടന പറയുന്നത്. വെള്ളത്തിന്റെ പി.എച്ച് മൂല്യം(പൊട്ടൻഷ്യൽ ഹൈഡ്രജൻ) നോക്കിയാണ് കുടിക്കാൻ യോജിച്ചതാണോ എന്ന് ഉറപ്പുവരുത്തുന്നത്. കുടിവെള്ളതിന്റെ ലോക നിലവാരം പി.ച്ച് മൂല്യം ഏഴ് ആണ്. ഇന്ത്യയിൽ 6.5 മുതൽ 8.5 വരെ പി.ച്ച് മൂല്യമുള്ള വെള്ളം കുടിക്കാം എന്നാണ് കണക്ക്. ഇന്ത്യയിൽ ഓരോ പ്രദേശത്തെ

യും വെള്ളത്തിന്റെ പി.ച്ച് വലിയ വ്യത്യാസം കാണിക്കുന്നുണ്ട്.


ആഡിന്റെയും ആൽക്കലിയുടെയും അളവാണ് പി.ച്ച് മൂല്യം നിശ്ചയിക്കുന്നത്. വെള്ളത്തിന്റെ അമ്ലഗുണവും ക്ഷാരഗുണവും പരിശോധിച്ചാൽ 6.5 ൽ താഴെ പി.ച്ച്. മൂല്യമുള്ള വെള്ളത്തിൽ ആസിഡിന്റെ അംശം കൂടുതലായിരിക്കും. 8.5 ൽ കൂടുതലുള്ളതിൽ ആൽക്കലിയുടെയും.

**സംരക്ഷിക്കാം ജീവജലം**

കുടിവെള്ളം അമൂല്യമാണ്. ഒരു പക്ഷേ, നാട്ടിൻപുറങ്ങളിൽ ധാരാളം വെള്ളം ലഭ്യമായിരിക്കും. എങ്കിലും, നാം ജലം പാഴാക്കരുത്. പത്തിരുപത് വർഷം മുമ്പ്, കുടിവെള്ളം കുപ്പിയിലാക്കി വിൽക്കുമെന്നത് സങ്കൽപിക്കാനേ കഴിയില്ലായിരുന്നു. പക്ഷേ, ഇപ്പോൾ എവിടെ നോക്കിയാലും കുപ്പി വെള്ളമാണ്. ജലത്തിന്റെ അളവ് ഭൂമിയിൽ കുറഞ്ഞു വരികയാണ്.

ജലം അമൂല്യമാണ് .ഇന്ന് ജലം പാഴാക്കിയാൽ നാളെ വെള്ളത്തിനു വേണ്ടി അലയേണ്ടിവരുമെന്നത് തീർച്ച.





# മുന്നൊരുക്കം

മുശീർ വിളയിൽ

**ആ**ത്മീയ ലോകത്തെ അതുല്യ പ്രതിഭയായിരുന്നു അബുൽഹസൻ ശാദുലി(റ). എല്ലാ വർഷവും അവർ ഹജ്ജ് ചെയ്യാറുണ്ടായിരുന്നു. ഈജിപ്ഷ്യൻ മരുഭൂമികൾ താണ്ടിയായിരുന്നു മഹാനവർകൾ ഹജ്ജിന് പോയിരുന്നത്. റജബ് മാസത്തിൽ തന്നെ മക്കയിലെത്തുകയും ഹജ്ജ് സമാപിക്കുന്നത് വരെ അവിടെ തങ്ങുകയും ചെയ്യും. പിന്നീട് മദീനയിൽ തിരു റൗളാ ശരീഫ് സന്ദർശിക്കും. ഒരിക്കൽ ഹജ്ജിന് പുറപ്പെടാൻ നേരം തന്റെ സഹായിയെ വിളിച്ച് അബുൽ ഹസൻ ശാദുലി(റ) പറഞ്ഞു: “ഒരു തൂമ്പയും കൊട്ടയും കരുതുക. അല്പം പഞ്ഞിയും വെച്ചോളൂ. ഒരു മയ്യിത്ത് പരിപാലനത്തിന് ആവശ്യമായ സാമഗ്രികൾ മുഴുവൻ എടുക്കുന്നതാണ് നല്ലത്.” ശൈഖിന്റെ വാക്കുകൾ കേട്ട് സഹായി അമ്പരന്നു. “അങ്ങ് എന്താണീ പറയുന്നത്? എന്തിനാണ് ഇതെല്ലാം?”

“അത് ഹുമൈസയിലെത്തുമ്പോൾ നിനക്ക് മനസ്സിലാകും.” ശൈഖ് മറുപടി പറഞ്ഞു.

ഈജിപ്തിൽ സമൃദ്ധമായ അരുവികൾ ഒഴുക്കുന്ന, ഉടുമ്പുകൾ നിറഞ്ഞ ഒരിടമാണ് ഹുമൈസ. യാത്ര ചെയ്തു ഹുമൈസയിൽ എത്തിയ ശൈഖ് ശാദുലി(റ) നന്നായി ഒന്ന് കുളിച്ചു. ശേഷം രണ്ട് റക്അത്ത് നിസ്കരിച്ചു. അവസാന റക്അത്തിൽ സുജൂദിൽ കിടന്ന് ശൈഖ് ഈ ലോകത്തോട് വിടപറഞ്ഞു. സഹായി ശൈഖ് പറഞ്ഞതു പ്രകാരം തന്റെ കൂടെ കരുതിയ സജ്ജീകരണങ്ങൾ ഉപയോഗിച്ച് അവിടെ തന്നെ മഹാനവർകളെ മറവുചെയ്തു.

# അക്ഷരം

**കരിവണ്ട്**

മണ്ടിപ്പെണ്ണേ മണിക്കുട്ടീ
മനുഷ്യർക്കെല്ലാം പണികിട്ടീ...
കൂട്ടം കൂടി കുരുത്തക്കേടുകൾ
കാട്ടിക്കൂട്ട്ണ കണ്ടപ്പം
ഭൂമിയുടുടയോൻ പ്രപഞ്ചനാഥൻ
ഇട്ടുകൊടുത്തൊരു വിത്തല്ലേ..
വിത്തതു മെല്ലെ പൊട്ടിമുളച്ചൊരു
ആൽമരമായ് മാറീടും
മനസ്സിനകത്തെ ഹുങ്കും ആർത്തിയും
മാറ്റി നിർത്തണ കാലത്ത്
മാനുഷരൊന്നായ് കഴിയുന്നേരം
തണലായെന്നും നിന്നീടും!

**മണിക്കുട്ടി**

വണ്ടേ വണ്ടേ കരിവണ്ടേ...
മധുനുകരാം.. മദിച്ചീടാം...
സ്നേഹത്തണലിൽ കഴിഞ്ഞീടാം
നമുക്കു നന്നായ് അടുക്കുവാനായ്
അകലം നമ്മൾ പാലിക്കാം
അകലം പാലിച്ചടരാതെ കാക്കാം
വിടരും മലരിന്നിതളുകളെ!

**പി.കെ ബാബുരാജ്**





# കളിക്കളം


## വ്യത്യാസം കണ്ടുപിടിക്കൂ...



A B

**ചിത്രം എയും ബിയും തമ്മിലുള്ള 5 വ്യത്യാസങ്ങൾ കണ്ടെത്തൂ...**

പിങ്കുപൂമ്പാറ്റയ്ക്ക് കൂട്ടുകാരന്റെ അടുത്തേക്കുള്ള വഴി അറിയില്ല. കൂട്ടുകാർ സഹായിക്കുമോ ?




CID സൽമാൻ

# സീക്രട്ട് ഫയൽ




...അടുത്ത ഫയൽ –
ഇത്തവണ ഞാൻ നിങ്ങൾക്ക് പരിചയപ്പെ- ടുത്തുന്നത്... മറ്റൊരു ഞെട്ടിക്കുന്ന വിഭവമാണ്! "ചില്ലി ചിക്കനിട്ട മത്തിക്കറി!!
എന്താ മിസ്റ്റർ പാലക്കാട !!.. പാചക ക്ലാസ്സിലിരുത്താനാണോ ഞങ്ങളെ വിളിച്ചത് ?
ഹും!! ഇയാൾടെയൊരു മത്തിക്കറി !!
... ഇയാളുടെ ഭാര്യയെ വിളിച്ചു കാണിച്ചാൽ പോ- രേ ഇതൊക്കെ !!
എടോ മത്തിക്കറീ..
ഛേ! വിലപ്പെട്ട സമയം വെറുതേ കളഞ്ഞു !!!
താൻ പാലക്കാടയല്ല... മത്തിക്കറിയാ!!
രാജേഷ് പാലക്കാട നിന്ന് വിയർത്തു.
ക്ഷമിക്കണം ...ഞാനൊന്നു ഫോൺ ചെയ്തു ..നോക്കട്ടെ!!!
ട്രീം...
ണിം....
ഹെൽത്ത് കെയർ ഇന്ത്യയുടെ എം.ഡിയുടെ ഫോൺ റിംഗ് ചെയ്തു ...
30


എന്താ മിസ്റ്റർ ഇത്! ...ഇപ്പോഴെന്തിനാ ഇങ്ങോട്ടേക്ക് വിളിച്ചത്?
H.C.I യുടെ എം.ഡിക്ക് കലികയറി.
പാലക്കടെക്ക് അതിലും വലിയ കലി!
550.cr. എഞ്ചിൻ വാങ്ങിയിട്ട് എന്തോന്നാടോ താൻ അയച്ചത്...???? പാചകക്കുറിപ്പോ??
എം.ഡിക്ക് സൂപ്പർ കലിപ്പ്!
മിസ്റ്റർ പാലക്കട!! താങ്കൾ ഒരു വിഡ്ഢി തന്നെ!! ..ഇതൊക്കെ അവൻമാർ റിക്കാർഡ് ചെയ്യുന്നുണ്ടാവും!!
പ്രതിപക്ഷ നേതാവ് അപ്പോഴാണ് ആ കാര്യം ഓർത്തത്!
ഛേ!
ഛേ.. ഛേ.. ഛേ!! ...ഞാനെന്തൊരു മത്തിക്കറി.... Sorry.... പാലക്കടയാ...!!!
SUCCESS!
..എല്ലാം റിക്കാർഡ് ചെയ്തു കഴിഞ്ഞു!! ...ചെയ്ത കാര്യങ്ങൾ സ്വയം പറഞ്ഞത് കൊണ്ട് കൂടുതൽ തെളിവിന്റെ ആവശ്യമില്ല!!! Mr. PALAKKADA YOU ARE TRAPPED!
C.I.D സൽമാൻ തന്റെ ഓഫീസിൽ-
31


ചീഫ് മിനിസ്റ്റർ
ഒരു വെടിക്ക് രണ്ടു പക്ഷി !! ..ഇത് സൽമാന്റെ ബുദ്ധി തന്നെ.. സംശയമില്ല !
... ഇതോടെ പാലക്കടയുടെ കഥ കഴിഞ്ഞു !!
ഇതേ സമയം - ട്രിവാൻഡ്രം ഇന്റർ - നാഷണൽ എയർപോർട്ട്.
ഒരു മെർസിഡസ് കാറിൽ മൂന്ന് പേർ...
... വന്നിറങ്ങുന്നു.... നേരെ ബോർഡിംഗ് പാസ്സ് എടുക്കുവാനായി കൗണ്ട- റിലേക്ക്.
അല്ലാ.. ഇതെന്താ എല്ലാവരും കൂടി സിംഗപ്പൂരിലേക്ക് സ്റ്റഡി ടൂർ പോകു- വാണോ?
?!
32
തുടരും

മുജ്തബ സി.ടി

# ഇബ്നു ഹൈസം

## ആധുനിക പ്രകാശശാസ്ത്രത്തിന്റെ പിതാവ്



**ലോ**കചരിത്രത്തിൽ അറിയപ്പെടുന്ന മുസ്‌ലിം ശാസ്ത്രജ്ഞരിൽ പ്രധാനിയാണ് ഇബ്നു ഹൈസം. വിവിധ ശാസ്ത്ര മേഖലകളിലായി വ്യത്യസ്തങ്ങളായ കണ്ടുപിടുത്തങ്ങൾ നടത്തിയ ഇബ്നുഹൈസം 'ആധുനിക പ്രകാശശാസ്ത്രത്തിന്റെ പിതാവ്', 'രണ്ടാം ടോളമി' എന്നെല്ലാം അറിയപ്പെടുന്നു. അബൂ അലി അൽ ഹസൻ ഇബ്നു ഹൈസം എന്നാണ് അദ്ദേഹത്തിന്റെ പൂർണ്ണനാമം.

### ജനനം, പഠനം


പ്രകാശശാസ്ത്രം, ജ്യോതിശാസ്ത്രം, ഗണിതശാസ്ത്രം, ദർശനശാസ്ത്രം, ഭൗതിക ശാസ്ത്രം തുടങ്ങിയ മേഖലകളിലെല്ലാം വലിയ സംഭാവനകൾ നൽകിയ ഇബ്നു ഹൈസം എ.ഡി 965ൽ ഇറാഖിലെ ബസ്വറയിലാണ് ജനിച്ചത്. പ്രാഥമിക പഠനങ്ങൾക്കു ശേഷം അദ്ദേഹം അക്കാലത്തെ പ്രധാന വൈജ്ഞാനിക നഗരമായിരുന്ന ബാഗ്ദാദിലേക്ക് പോയി. ബൈത്തുൽ ഹിക്മയിൽ (സ്കൂൾ ഓഫ് വിസ്ഡം) ചേർന്നു. പിന്നീട് ഉപരിപഠനാർത്ഥം ഈജിപ്തിലെ അൽ അസ്ഹർ യൂണിവേഴ്സിറ്റിയിലെത്തി.

### കണ്ടുപിടിത്തങ്ങൾ

പഠനത്തിനുശേഷം ഇബ്നു ഹൈസം പരീക്ഷണപ്രവർത്തനങ്ങളിൽ ശ്രദ്ധകേന്ദ്രീകരിച്ചു. ബൈനോക്കുലർവിഷൻ, ചന്ദ്രൻ ചക്രവാളത്തിന്റെ അടുത്തെത്തുമ്പോൾ കൂടുതൽ വലുതായി കാണപ്പെടുന്ന പ്രതിഭാസം തുടങ്ങിയവയെക്കുറിച്ച് നിരീക്ഷിച്ചു. ശാസ്ത്രത്തിൽ, പ്രത്യേകിച്ച് ഭൗതിക ശാസ്ത്രത്തിൽ ശ്രദ്ധയൂന്നിയ അദ്ദേ

## അന്താരാഷ്ട്ര പ്രകാശവർഷം

എ.ഡി 1015ൽ പ്രസിദ്ധീകരിക്കപ്പെട്ട ഇബ്നു ഹൈസമിന്റെ കിതാബുൽ മനാളിറിനു 2015ൽ ആയിരം വർഷം പൂർത്തിയായി. അതിന്റെ ആദരസൂചകമായി 2015ൽ ഐക്യരാഷ്ട്രസഭ അന്താരാഷ്ട്ര പ്രകാശവർഷമായി (International year of light) ആചരിച്ചു.




ഹം ആധുനിക ശാസ്ത്രീയ രീതിയുടെയും പരീക്ഷണാത്മക ഭൗതിക ശാസ്ത്രത്തിന്റെയും ഉപജ്ഞാതാവായി കണക്കാക്കപ്പെടുന്നു. ലോകത്ത് ആദ്യമായി ക്യാമറ ഒബ്സ്ക്യൂറയുടെ പ്രവർത്തനങ്ങൾ വിശദീകരിച്ചത് ഇബ്നു ഹൈസമായിരുന്നു. കാഴ്ചയെക്കുറിച്ച് പ്രാചീന കാലത്ത് നിലവിലുണ്ടായിരുന്ന ഉത്സർജനസിദ്ധാന്തം, ഇൻട്രോമിഷൻ തിയറി തുടങ്ങിയ തെറ്റായ വാദങ്ങളെ ഇബ്നു ഹൈസം തന്റെ നിരീക്ഷണങ്ങളിലൂടെ ഖണ്ഡിക്കുകയുണ്ടായി.

### കൃതികൾ

ഇബ്നു ഹൈസം വ്യത്യസ്ത വിഷയങ്ങളിലായി ഇരുന്നൂറോളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടെങ്കിലും 55 എണ്ണം മാത്രമാണ് സംരക്ഷിക്കപ്പെട്ടത്. അദ്ദേഹത്തിന്റെ മാസ്റ്റർ പീസ് ആയി ഗണിക്കപ്പെടുന്ന കിതാബുൽ മനാളിർ(Book of optics) ശാസ്ത്രലോകത്ത് ഇന്നും വിസ്മയാവഹമായ കൃതിയാണ്. ദർശന ശാസ്ത്രവും പ്രകാശശാസ്ത്രവും വിശദീകരിക്കുന്ന ഈ ഗ്രന്ഥം കാഴ്ചയുടെ ആധുനിക വിശദീകരണങ്ങൾക്ക് അടിത്തറ പാകുന്നതിൽ ഏറെ സഹായകമായിട്ടുണ്ട്. ലെൻസുകൾ, ദർപ്പണങ്ങൾ, അപവർത്തനം, പ്രതിഫലനം, പ്രകീർണ്ണനം തുടങ്ങിയവയുമായി ബന്ധപ്പെട്ട് അദ്ദേഹം മൂല്യമേറിയ നിരവധി നിരീക്ഷണങ്ങൾ നൽകിയിട്ടുണ്ട്. കിതാബുൽ മനാളിറിനു പുറമെ വൈദ്യശാസ്ത്രം, നേത്രരോഗ ശാസ്ത്രം, ശരീരശാസ്ത്രം തുടങ്ങിയവയിലെല്ലാം അദ്ദേഹം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ഇബ്നു ഹൈസമിനോടുള്ള ബഹുമാനസൂചകമായി ചന്ദ്രനിലെ ഒരു ഗർത്തത്തിന് 'അൽഹസൻ' എന്ന് നാമകരണം ചെയ്തിട്ടുണ്ട്. അറബ് ലോകത്ത് 'അൽബസ്വരി' എന്നും പാശ്ചാത്യലോകത്ത് 'അൽഹസൻ' എന്നും അറിയപ്പെട്ട ഇബ്നുഹൈസം 1039ൽ കെയ്റോയിൽ വെച്ചാണ് മരണപ്പെട്ടത്.




# കുഞ്ഞിപ്പുഴ കടന്ന് വെള്ളാരം കുന്നിലേക്ക്

**ആനിബ കാലിക്കറ്റ്**

അങ്ങ് ജാനകിക്കാട്ടിൽ പൊടിയൻ കുഞ്ഞനാനയും അവന്റെ അമ്മയും അച്ഛനും ജീവിച്ചിരുന്നു. മഹാവികൃതി ആയിരുന്നു പൊടിയൻ. ദിവസവും ഓരോ പരാതിയുമായി കാട്ടിലെ മൃഗങ്ങളെല്ലാം പൊടിയന്റെ വീട്ടിലെത്തും. അമ്മയ്ക്കും അച്ഛനും ഈ പരാതികൾ തീർക്കാനേ നേരമുള്ളൂ. എന്നാലും അച്ഛനും അമ്മയും അവനെ വഴക്കൊന്നും പറയാറില്ല.

'പൊടിയാ... ഇനി കുറുമ്പൊന്നും കാട്ടല്ലേ' എന്നു പറഞ്ഞുകൊണ്ട് അവനെ രണ്ടുപേരും തുമ്പിക്കൈ കൊണ്ട് ചേർത്തുനിർത്തി ഉമ്മ വെക്കും.



അങ്ങനെയിരിക്കെ ഒരു ദിവസം അവർ മൂന്നുപേരും കൂടി കരിമ്പ് തിന്നാനായി കുഞ്ഞിപ്പുഴയുടെ തീരത്തെത്തി.

വിളഞ്ഞു നിൽക്കു

ന്ന കരിമ്പിൻപാടം കണ്ടതും പൊടിയൻ സന്തോഷം കൊണ്ട് അങ്ങോട്ടുമിങ്ങോട്ടും ഓടാൻ തുടങ്ങി. കരിമ്പ് തിന്നുന്നതിനിടയിൽ അമ്മ പൊടിയനോട് ഇടയ്ക്കിടക്ക് പറഞ്ഞു കൊണ്ടിരുന്നു: "മോനേ പൊടിയാ, ദൂരേക്കൊന്നും പോവരുത്."

എന്നാൽ കുറുമ്പൻ പൊടിയനുണ്ടോ ഇതൊക്കെ കേൾക്കുന്നു. അവൻ മെല്ലെ കുഞ്ഞിപ്പുഴയിലേക്കിറങ്ങി. വെള്ളത്തിലിറങ്ങിയപ്പോൾ പല നിറങ്ങളോടു കൂടിയ മത്സ്യങ്ങൾ പൊടിയനെ ഉമ്മ വെച്ച് ഇക്കിളിയാക്കാൻ തുടങ്ങി. സന്തോഷം കൊണ്ട് പൊടിയൻ തുമ്പിക്കൈ വെള്ളത്തിൽ അങ്ങോട്ടുമിങ്ങോട്ടുമാട്ടി കുഞ്ഞിപ്പുഴയിലൂടെ നീന്തി അക്കരെയെത്തി. പുഴ കടന്ന സന്തോഷത്തിൽ കാടും മേടുമെല്ലാം കടന്ന് ഓടാൻ തുടങ്ങി. ചെന്നെത്തിയതോ, വെള്ളാരം കുന്നിൽ.

വെള്ളാരംകുന്നിലെ കാഴ്ച ഒന്നു വേറെത്തന്നെ. ഇത്രയും മനോഹരമായ കാഴ്ച പൊടിയൻ ഇതുവരെ കണ്ടിട്ടില്ല. പലനിറങ്ങളാൽ ശോഭിച്ചുനിൽക്കുന്ന വെള്ളാരംകുന്ന് മുത്തശ്ശി പറഞ്ഞ കഥയില സ്വർഗ്ഗംപോലെ അവനു തോന്നി. കൺകുളിർക്കെ കാഴ്ചകൾ കണ്ടുകൊണ്ട് അവൻ കുന്നിന്റെ മുകളിലേക്ക് വീണ്ടും കയറാൻ തുടങ്ങി. വഴി നിറയെ പൂക്കളും പാറിക്കളിക്കുന്ന തേനീച്ചകളും പൂമ്പാറ്റകളും ചെറുകിളികളും. വീണ്ടും മുന്നോട്ട് നടന്നപ്പോഴതാ



പാറക്കെട്ടിലൂടെ ഒഴുകിവരുന്ന തണുത്ത തേനരുവി. പൊടിയൻ ദാഹം തീരുവോളം വെള്ളം കുടിച്ചു. മുകളിലെത്താൻ ഇനിയും കയറണം.

പൊടിയൻ വീണ്ടും കയറാൻ തുടങ്ങി. കയറിക്കയറി വെള്ളാരംകുന്നിന്റെ ഉച്ചിയിലെത്തി. ലോകം കീഴടക്കിയ സന്തോഷമായിരുന്നു അപ്പോഴവന്. അവിടെ വലിയൊരു മരം തലപൊക്കി നിൽക്കുന്നുണ്ടായിരുന്നു. ഞാനാണ് ഇവിടുത്തെ രാജാവെന്ന് ആ മരം പറയും പോലെ അവനു തോന്നി. ക്ഷീണിതനായ പൊടിയൻ മരത്തിന്റെ തണലിൽ ചാഞ്ഞിരുന്നു. അവന് നന്നായി വിശക്കുന്നുണ്ടായിരുന്നു. അവൻ ചുറ്റിലും നോക്കി. അപ്പോഴാണ് വീണുകിടക്കുന്ന പഴങ്ങൾ കണ്ടത്.

മെല്ലെ എഴുന്നേറ്റ് അവ ആർത്തിയോടെ തിന്നു. വളരെ മധുരമുള്ള പഴങ്ങൾ! പക്ഷേ അവനു തല കറങ്ങുന്നതായി തോന്നി. അടുത്ത നിമിഷം കാലിടറി അവൻ താഴോട്ട് ഉരുളാൻ തുടങ്ങി. ഉരുണ്ടുരുണ്ട് വലിയൊരു മരക്കുറ്റിയിൽ തങ്ങിക്കിടന്നു. ദേഹമാകെ രക്തമൊലിച്ച് വേദനകൊണ്ട് അവൻ പുള





ഞ്ഞു. ആ സമയം പൊടിയനെ കാണാതെ അമ്മയും അച്ഛനും തേടിനടക്കുകയായിരുന്നു.

പൊടിയൻ വേദന സഹിക്കാനാകാതെ ഉച്ചത്തിൽ അമ്മയെ വിളിച്ചു കരയാൻ തുടങ്ങി.

അമ്മേ... അമ്മേ...

ആ കരച്ചിൽ കേൾക്കാൻ അവിടെ ആരുമുണ്ടായിരുന്നില്ല. താൻ ഇവിടെ കിടന്ന് മരിക്കുമെന്ന് അവന് തോന്നി. അമ്മ പറഞ്ഞത് കേൾക്കാത്തതിന്റ ശിക്ഷയാണിത്. അവൻ ഓർത്തു. മെല്ലെമെല്ലെ അവന് ബോധം നഷ്ടമായി.

നേരം ഇരുട്ടിത്തുടങ്ങി. സ്വപ്നത്തിൽ അമ്മ വിളിക്കുന്നതായി അവനു തോന്നി.

"മോനേ, പൊടിയാ കണ്ണ് തുറക്കെടാ അമ്മ വന്നു മോനേ....."

അവൻ മെല്ലെ കണ്ണ് തുറന്നു. അത് സ്വപ്നമായിരുന്നില്ല. അവന്റെ മുന്നിൽ പൊട്ടിക്കരയുന്ന അമ്മയും അച്ഛനും. അവൻ കരഞ്ഞു കൊണ്ട് പറഞ്ഞു:

"ഇനി ഞാനെങ്ങും പോവില്ലമ്മേ. എനിക്ക് മാപ്പുതരൂ."

അമ്മ അവനെ വാരിപ്പുണർന്നു. അവർ തിരിച്ച് വീട്ടിലേക്ക് നടന്നു. വെള്ളാരം കുന്നിനെയും കുഞ്ഞിപ്പുഴയെയും പുറകിലാക്കികൊണ്ട് അവർ തങ്ങളുടെ വീട്ടിലേക്ക് യാത്രയായി.




മിസ്റ്റർ മണ്ടപ്പൻ
അർദ്ധരാത്രി. സ്റ്റേഷനിലെ ഫോൺ
ഒന്നുറ ങ്ങാനും സമ്മ തിക്കാതെ... നാശം
ർണീം... ർണീം....
ആര്
സുപ്രഭാതം സാറന്മാരേ
ആന്റപ്പൻ ഡാ!
യ്യോ!
അറസ്റ്റു ചെയ്ത എന്റെ ആളുകളെ വിട്ടയച്ചില്ലെങ്കിൽ
ഞാൻ ഒരു വീഡിയോ സെന്റ് ചെയ്തിട്ടുണ്ട്. വാട്സാപ്പ് നോക്ക്!


വാട്സാപ്പിലെ വീഡിയോ
ടൂറിസ്റ്റുകളും വാനും കണ്ടില്ലേ
എന്റെ ആളുകൾക്ക് പകരമാണ് ഈ ടൂറിസ്റ്റുകൾ
ഹെന്റയ്യോ!
എന്താണ് എന്നു തീരുമാനിച്ചോ
ഉടനെ എല്ലാ സ്റ്റേഷനുകളിലേക്കും അപകട സന്ദേശം പോയി.
ബന്ദികളെ സംരക്ഷിച്ചില്ലെങ്കിൽ നമുക്ക് പ്രോബ്ലമാണ്..!
അപ്പന്മാരെ വിളിക്കൂ!


സാർ, അപ്പന്മാർ ഔട്ട് ഓഫ് റേഞ്ചാണ്
ഈയിടെയായി അപ്പന്മാർ എനിക്കിടെ ഔട്ട് ഓഫ് റേഞ്ചാണല്ലോ.. എന്തോ സൂത്രപ്പണിയാണോ
അപ്പോൾ അപ്പന്മാർ
ടൂറിസ്റ്റുകളും വാനും കണ്ടില്ലേ
അണ്ണേ നല്ല ഫോട്ടോ വേണം. എന്നാലേ സമ്മാനം കിട്ടൂ.
എനിക്കറിയാമെടാ മച്ചൂ. പതിനായിരമല്ലേ, ഒരു ഫോട്ടോക്ക് സമ്മാനം!
മറ്റാരും എടുക്കാത്ത ഒരു സീൻ വേണം


അതിനു വേണ്ടിയാണല്ലോ നമ്മൾ ഈ കാനനത്തിലെത്തിയിട്ടുള്ളത്.
മൊബൈലിന് റേഞ്ചില്ലാത്തത് ഒരു കണക്കിന് നന്നായി അല്ലേ, അണ്ണേ
യെസ്... യെസ്... ഇല്ലെങ്കി ഏമാൻമാര് സ്വൈരം തരില്ലായിരുന്നല്ലോ.
അങ്ങോട്ട് നോക്കണ്ണേ ഉഗ്രനൊരു സ്നാപ്പ്!
ഹായ് ബെസ്റ്റണ്ണേ!
നമ്മൾ തേടി നടന്ന കാഴ്ച! ഹയ്യടാ



അപ്പൻ ക്യാമറയിൽ നോക്കി.
കാനനക്കാന്തി യിൽ ഒരു വാൻ... ഫോ ട്ടോക്ക് ഈ അടി ക്കുറിപ്പ് മതി അണ്ണേ
വാ!! കലക്കൻ!!
എന്നാൽ ക്യാമറക്ക് നിൽക്കുന്നിടത്തെ മണ്ണിന്റെ സ്ഥിതി അറിയാനാവില്ലല്ലോ.
അണ്ണേ! ഡയ്ഞ്ചർ!
സംഭവിക്കേണ്ടത് സംഭവിച്ചു!
അണ്ണേ
ചെന്നുവീണത്
ഹെന്റയ്യോ!


വാനിന്റെ പുറത്തുനിന്ന് വീണത് തോക്കുധാരികളായ മൂന്നുപേരുടെ മേൽ!
അണ്ണേ, അണ്ണേ!
വിടരുത് ഇവന്മാരെ... ഞങ്ങളെ ബന്ദികളാക്കിയ കൊള്ളക്കാരാണ്
പിന്നാലെ വാലപ്പനും
അണ്ണേ, ഞാനുമിതാ പോരുന്നേ!!!
ചെന്നുവീണത്
തോക്കുധാരികൾ ബോധം നശിച്ച്
ഹാരിത് അപ്പന്മാരോ
ഹ! ഹ! ഹ!

മുഹമ്മദ് വിളയിൽ

# അജ്മീരിലെ സുൽത്താൻ

**പേ**ർഷ്യയുടെ കിഴക്കുഭാഗത്തുള്ള സിജിസ്ഥാനിലാണ് അജ്മീർ ഖ്വാജ മുഈനുദ്ദീൻ ചിശ്തി (റ) യുടെ ജനനം. പിതാവ് ഖ്വാജ ഗിയാസുദ്ദീൻ ഹസൻ അറിയപ്പെട്ട സൂഫിയായിരുന്നു. ഉമ്മ സയ്യിദ മാഹിന്നൂർ.

അഫ്ഗാനിസ്ഥാനിലെ ഹെറാതിനടുത്തുള്ള ഒരു സ്ഥലമായ ചിശ്ത് പ്രസിദ്ധമായ സൂഫി കേന്ദ്രമായിരുന്നു. ബാഗ്ദാദിലെത്തിയ ഖ്വാജ, ഉസ്മാൻ ഹർവാനി എന്ന സൂഫി വര്യൻ മുഖേനയാണ് ചിശ്തി ത്വരീഖത്തിൽ കണ്ണിയാവുന്നത്.

ഇരുപത് വർഷക്കാലം ഉസ്



മാൻ ഹർവാനിയുടെ കൂടെയാ യിരുന്നു ഖ്വാജയുടെ ജീവിതം. ഗുരുവുമൊത്തുള്ള ഹജ്ജിനിടെയാണ് ഖ്വാജക്ക് ഹിന്ദുസ്ഥാനിലേക്ക് പോകാനുള്ള തിരുനിർദേശം ലഭിക്കുന്നത്. ഗുരുവിന്റെയും അഭിലാഷം അതായിരുന്നു.

തന്റെ സമകാലികനായ മുഹ്‌യുദ്ദീൻ ശൈഖിനെ കാണണമെന്നത് ഖ്വാജയുടെ ഏറെ നാളത്തെ അഭിലാഷമായിരുന്നു. ഹജ്ജ് കഴിഞ്ഞ് നേരെ ബാഗ്ദാദിലേക്ക് ചെന്നു. മുഹ്‌യുദ്ദീൻ ശൈഖുമൊത്ത് എട്ടു മാസം കഴിഞ്ഞു. പിന്നീട് ശൈഖിന്റെ സമ്മതം വാങ്ങി ഇന്ത്യയിലേക്ക് തിരിച്ചു. മുഹമ്മദ് ഗോറി ഇന്ത്യയിൽ അധികാരം സ്ഥാപിച്ച സമയമായിരുന്നു അത്. ആദ്യം ഡൽഹിയിലും പിന്നീട് അജ്മീറിലും താമസിച്ചു. ആ സമയത്ത് അജ്മീറിന്റെ ഭരണം രജപുത്ര രാജാവ് പൃഥ്വിരാജ് ചൗഹാന്റെ കീഴിലായിരുന്നു. ചൗഹാൻ പല രീതിയിലും ഖ്വാജയെ പിന്തിരിപ്പിക്കാൻ ശ്രമിച്ചു. എന്നാൽ ഖ്വാജയെ നേരിടാൻ ചെന്നവരൊക്കെ ഇസ്‌ലാമിലേക്ക് മാറുന്ന അനുഭവമായിരുന്നു ഉണ്ടായത്. പിന്നീട് അഫ്ഗാനിലെ ഗോറിൽ നിന്നും വന്ന ശഹാബുദ്ദീനാണ് അജ്മീറടങ്ങുന്ന പ്രദേശങ്ങൾ കീഴടക്കിയത്.

വാർധക്യത്തിലായിരുന്നു ഖ്വാജയുടെ വിവാഹം. അസ്മത് ബീവി, ഉമയ്യ ബീവി, എന്നിവർ സഹധർമിണികളാണ്. മകൾ ഹാഫിസ ജമാലി മുഹ്‌യുദ്ദീൻ പണ്ഡിതയായിരുന്നു. സ്ത്രീകൾക്കിടയിൽ അവർ ഭക്തിമാർഗങ്ങൾ പ്രചരിപ്പിച്ചു. തൊണ്ണൂറ്റി ഏഴാം വയസിലാണ് മഹാൻ വഫാതായത്.

## സൂപ്പർ സോണിക്

ശബ്ദത്തെക്കാൾ വേഗത്തിൽ സഞ്ചരിക്കുന്ന വിമാനങ്ങളാണ് സൂപ്പർസോണിക്ക് വിമാനങ്ങൾ. സമുദ്രനിരപ്പിൽ 20 ഡിഗ്രി സെൽഷ്യസ് താപനിലയിൽ വായുവിലെ ശബ്ദവേഗത സെക്കന്റിൽ 343മീറ്റർ ആണ്. ശബ്ദവേഗത്തിൽ സഞ്ചരിക്കുന്ന ഒരു വിമാനത്തിന്റെ വേഗതയാണ് 1 മാക്. മണിക്കൂറിൽ 1235 കിലോമീറ്റർ വേഗം എന്നർഥം.

# സത്യം പറഞ്ഞാൽ

"സാർ, ഇന്ന് ഞാൻ ഒരു കഥ പറയട്ടേ?" അലി മാഷ് ക്ലാസ്സിൽ വന്നപ്പൊഴേക്കും ജാസിർ പിറകിൽ നിന്നു എഴുന്നേറ്റു മുന്നോട്ടു വന്നു ചോദിച്ചു.

"ആ, അത് നന്നായി... ഇന്നത്തെ കണക്ക് ക്ലാസ്സ് വഴി തിരിച്ചുവിടാനുള്ള ശ്രമത്തിലാണ് അല്ലേ?" അലി മാഷ് ചിരിച്ചുകൊണ്ട് ചോദിച്ചു. "എന്തായാലും കഥയല്ലേ, നീ പറ, കേൾക്കട്ടെ..."

"വെറും കഥയല്ല, എനിക്കുണ്ടായ ഒരു അനുഭവമാണ്, സാറ് പറയുന്ന പല കഥകളിലുമുള്ള പോലെ ഇതിലും ഒരു ഗുണപാഠമുണ്ടെന്നതു കൊണ്ട് എല്ലാവരോടും ഇതു പറയണമെന്ന് എനിക്ക് തോന്നി..."

"എന്നാ പിന്നെ ഒന്നും ആലോചിക്കാനില്ല നീ പറയടാ" അലി മാഷ് അവനെ പ്രോത്സാഹിപ്പിച്ചു.

"എന്റെ വല്യുപ്പയുടെ അടുത്ത് പലതരത്തിലുള്ള പഴയ വസ്തുക്കളുടെ ശേഖരം ഉണ്ട്..." ജാസിർ പറഞ്ഞു തുടങ്ങി. "പല രാജ്യങ്ങളിലെ നാണയങ്ങൾ, സ്റ്റാമ്പുകൾ, പലതരം ബോട്ടിലുകൾ, അളവ് ഉപകരണങ്ങൾ അങ്ങനെ പലതും. വല്യുപ്പ മറ്റാരെയും അത് തൊടാൻ പോലും അനുവദിക്കാതെ പെട്ടികളിലാക്കി അലമാരയിൽ വെച്ചിരിക്കുകയാണ്.

കഴിഞ്ഞദിവസം വല്യുപ്പ പുറത്തുപോയപ്പോൾ ഞാൻ മുറിയിൽ കടന്ന് ഒരു കസേരയിൽ കയറി നിന്ന് അലമാരയുടെ മുകളിലെ അറ തുറന്നു അതിൽ ഭംഗിയുള്ള ഒരു ചെറിയ പെട്ടി കണ്ടു. അത് തുറന്നപ്പോഴാണ് ഞാൻ അത്ഭുതപ്പെട്ടത്. പല കളറിലും ഡിസൈനിലുമൊക്കെയുള്ള മനോഹരമായ വാച്ചുകൾ!

അലമാരയുടെ മുകൾതട്ടിൽ നിന്ന് പെട്ടിയെടുത്തു. താഴെ

വെച്ച് നോക്കാനാഗ്രഹിച്ച് ഒന്ന് ഏന്തിവലിഞ്ഞതും കയറി നിന്ന കസേര മറിഞ്ഞതും ഒപ്പം.

ആ പെട്ടിയും ഞാനും താഴേക്ക് വീണു. അതിലുണ്ടായിരുന്ന വാച്ചുകളെല്ലാം മുറിയിൽ ചിതറി.

ഞാൻ ആകെ പരിഭ്രമിച്ചു. വേഗം എഴുന്നേറ്റ് മുറിക്കു പുറത്തിറങ്ങി. ഭാഗ്യത്തിന് ഉമ്മയും ഇത്താത്തയും മുറ്റത്തായിരുന്നു. അവർ ശബ്ദം കേട്ടിട്ടില്ല. ഞാൻ മുറിയിൽ കയറി എല്ലാം വാരിക്കൂട്ടുന്നതിനിടയിലാണ് അതിൽ ഏറ്റവും ഭംഗിയുള്ള ഒരു വാച്ചിന്റെ ഗ്ലാസ്സ് ആകെ പൊട്ടിത്തകർന്നതായി കണ്ടത്.

എന്ത് ചെയ്യണമെന്നറിയാതെ ഞാൻ അൽപനേരം നിന്നു. വല്യുപ്പ ഇതറിഞ്ഞാൽ തീർച്ചയായും ശകാരം ഉറപ്പ്. ഉമ്മയുടെ വക അടിയുമുണ്ടാകും. പേടിയോടുകൂടി ഞാൻ എല്ലാം പെറുക്കിക്കൂട്ടി നേരത്തെ ഉണ്ടായിരുന്നതുപോലെ പെട്ടിയിലടച്ച് യഥാസ്ഥാനത്തു വെച്ചു.

എന്നിട്ട് എന്റെ പഠന മുറിയിൽ പോയിരുന്ന് ഒന്നുമറിയാത്തപോലെ പു



സ്തകമെടുത്ത് വായിക്കുന്നതായി നടിച്ചു. കൈയും കാലും വിറയൽ മാറുന്നില്ല. വായിക്കാൻ പോയിട്ട് ഒന്നിനും കഴിയുന്നില്ല. ഇരിക്കുന്ന സ്ഥലത്ത് തീ കത്തുന്നതു പോലുള്ള അവസ്ഥ. എങ്ങനെയൊക്കെയോ വൈകുന്നേരമായി. വല്യുപ്പ വീട്ടിൽ തിരിച്ചെത്തി. ഞാൻ മുറിയിൽ നിന്ന് പുറത്തിറങ്ങിയില്ല. രാത്രിയായി, എങ്ങനെയൊക്കെയോ ഭക്ഷണം കഴിച്ചു. കിടന്നിട്ട് ഉറക്കം വരുന്നില്ല. ഭയവും കുറ്റബോധവുമൊക്കെ മനസ്സിൽ നിന്ന് പൊരിയുകയാണ്.

കിടന്നിട്ട് ഉറക്കം വരാഞ്ഞ് ഞാൻ രണ്ടും കൽപ്പിച്ചു വല്യുപ്പയുടെ റൂമിലേക്ക് ചെന്നു

"എന്താടാ ഉറങ്ങിയില്ലേ? ഇവിടെ കിടക്കാനാണോ?" എന്ന് ചോദിച്ച് വല്യുപ്പ കട്ടിലിൽ അരികു ചേർന്ന് നീങ്ങിക്കിടന്നു. വല്യുപ്പയുടെ മുഖത്തേക്ക് നോക്കിയപ്പോൾ എനിക്ക് വീണ്ടും പേടി വന്നു. എങ്കിലും ഞാൻ കട്ടിലിലിരുന്ന് ഒറ്റ ശ്വാസത്തിൽ പറഞ്ഞു:

"വല്ലിപ്പയുടെ അലമാര തുറന്ന് ആ ശേഖരങ്ങൾ നോക്കുന്നതിനിടയിൽ പെട്ടി താഴെ വീണ് അതിലുള്ള ഒരു വാച്ച് പൊട്ടിയിട്ടുണ്ട്."

വല്യുപ്പ പെട്ടെന്ന് എഴുന്നേറ്റ് അലമാരയുടെ അടുത്ത് ചെന്ന് ആ പെട്ടി തുറന്നു നോക്കി. പൊട്ടിയ വാച്ച് എടുത്ത് തിരിച്ചും മറിച്ചും നോക്കി അവിടെ തന്നെ വച്ചു. ശേഷം കട്ടിലിൽ വന്നിരുന്ന് വളരെ ശാന്തമായി എന്റെ മുഖത്തേക്ക് നോക്കി പറഞ്ഞു: "അത് സാരമില്ല ജാസി, ആദ്യത്തെ വിവാഹ വാർഷികത്തിന് എനിക്ക് നിന്റെ വല്യുമ്മ സമ്മാനം തന്നതാണ് ആ വാച്ച്. ചില്ല് പൊട്ടി എന്നല്ലേ ഉള്ളൂ, അത് നമുക്ക് നേരെയാക്കാം. നീ പോയി കിടന്നുറങ്ങിക്കോ." ഞാൻ പിന്നെ സ്വസ്ഥമായി ഉറങ്ങി.

ആരെയും അറിയിക്കേണ്ടെന്നോ കളവു പറയണമെന്നോ വിചാരിച്ചിരുന്ന എനിക്ക് അത്രയും മനസ്സമാധാനത്തോടെ ഉറങ്ങാൻ പറ്റിയത് ആ തെറ്റ് തുറന്നു പറഞ്ഞതു കൊണ്ടു മാത്രമാണ്. മുമ്പ് ഇത്തരം പല അബദ്ധങ്ങളും സംഭവിച്ചപ്പോൾ അത് മറച്ചു വെക്കുകയോ അതിനെ പറ്റി കളവ് പറയുകയോ ചെയ്തത് പേടികൊണ്ടായിരുന്നു.

# തമ്മിൽ തല്ലരുത്

**കോ**ഴികൾ തമ്മിൽ കൊത്തുന്നു
വാഴച്ചോട്ടിൽ ദൂരത്ത്
അമ്മ പറഞ്ഞു, കൊത്തല്ലേ
നല്ലവരായി തീരണ്ടേ
കാക്കകൾ കൊത്തു പിടിക്കുന്നു
കാ... കാ... വീടിനു മുറ്റത്ത്
അമ്മ പറഞ്ഞു കൊത്തല്ലേ
തമ്മിൽ തല്ലി ചാകരുതേ...

മാണി കെ. ചെന്താപ്പൂര്



എന്തെങ്കിലും തെറ്റുപറ്റിയാൽ അത് മറച്ചു വെക്കേണ്ടയാതൊരു കാര്യവുമില്ല. തുറന്നുപറയുന്നതു തന്നെയാണ് നമുക്ക് മനസ്സമാധാനവും സന്തോഷവും കിട്ടാൻ ഏറ്റവും നല്ലത്. തുറന്നു പറയുമ്പോൾ മറ്റുള്ളവർക്ക് നമ്മളോട് ഇഷ്ടം കൂടുകയും ചെയ്യും. ജാസിർ കഥ പറഞ്ഞു നിർത്തിയപ്പോൾ ക്ലാസ്സിൽ നിർത്താതെ കയ്യടിയായിരുന്നു.

“ജാസിറിന്റെ അനുഭവം കിടിലനായി അല്ലേ? ഇനി ഇന്ന് എന്തിനാണ് മറ്റെന്തെങ്കിലും ക്ലാസ്സ്. ജാസിറിനെ ഓർത്ത് എനിക്ക് അഭിമാനം തോന്നുന്നു.” അലി മാഷ് അവന്റെ കൈകൾ ചേർത്തു പിടിച്ചുകൊണ്ട് പറഞ്ഞു.

# പ്രകൃതിനാട്ടിലെ സുകൃതിക്കുട്ടന്മാർ

## പോക്കിരിയുടെ വിശേഷങ്ങൾ

"**അ**ല്ലാ, പോക്കു കഥയൊന്നും പറഞ്ഞില്ലല്ലോ."

താന്നിമരച്ചോട്ടിലെ കഥകേൾക്കും കുട്ടിക്കൂട്ടത്തിൽ നിന്ന് ഇങ്ങനെയൊരു ചോദ്യം വന്നിരിക്കുന്നു.

"അവുക്കുവിന്റെയും ചേക്കുവിന്റെയും കഥ കുറേ കേട്ടു. ഈ പോക്കുവെന്താ ഒന്നും മിണ്ടാത്തത്?" ചോദ്യം വീണ്ടും വരുന്നു.

ശരിയാണല്ലോ. അബൂബക്ർ എന്ന പോക്കു മിണ്ടാതിരിക്കുക തന്നെയാണ്. കൂട്ടുകാരേ, നിങ്ങളുടെ ചോദ്യം കേട്ട് പോക്കു ആംഗ്യം കാണിക്കുന്നതു കണ്ടോ? എന്നോടു തന്നെ കഥ പറയാനാണവൻ പറയുന്നത്. അതുകൊണ്ട് ഇനി ഞാൻ അവന്റെ കഥയിത്തിരി പറയാം.

കണ്ടില്ലേ പോക്കുവിന്റെ ഇരുത്തം; ഒരു പോക്കിരിയെപ്പോലെ! കുട്ടിക്കാലത്തേ അവൻ അങ്ങനെയാണ്. പക്ഷേ, ആളൊരു പാവമാണ് കേട്ടോ; വളരെ നല്ലവൻ.

നല്ല വണ്ണവും നീളവുമുണ്ടന്ന് പോക്കുവിന്. ഏതു കൂട്ടത്തിൽ ചെന്നാലും അവന്റെ തല ഉയരത്തിൽ കാണാം. ഒരു ശുജായി

യായി അവനുണ്ടാവും ഏതു സംഘത്തിലും. ആള് വളരെ നല്ലവനാണെന്നു പറഞ്ഞല്ലോ. പാവങ്ങളായ കുട്ടികളെയൊക്കെ സഹായിക്കാൻ പോക്കു മുന്നിലുണ്ടാവും. സ്കൂൾ ഇന്റർവെൽ സമയത്താണ് പോക്കുവിന്റെ ഊക്കും മിടുക്കും കൂടുതൽ തെളിയുക. കുട്ടികൾക്കൊക്കെ വെള്ളം വേണ്ടിവരും; കുടിക്കാനും മുഖം കഴുകാനും പാത്രം കഴുകാനുമൊക്കെ. സ്കൂൾ മുറ്റത്തെ കിണറിനാവട്ടെ നല്ല ആഴവുമുണ്ട്. ചെറിയ കുട്ടികളൊക്കെ കിണറിന്നടുത്തു വന്നു അന്തം വിട്ടുനിൽക്കും, ആരാണിത്തിരി വെള്ളം കോരിക്കൊടുക്കുക? ആ ആഴമുള്ള കിണറ്റിൽ നിന്നു ബക്കറ്റിൽ വെള്ളം വലിച്ചുക



യറ്റാൻ അവർക്കാവില്ലല്ലോ.

ഇക്കാര്യം മനസ്സിലാക്കിത്തന്നെ ബെല്ലടിച്ച ഉടനെ പോക്കു കിണറ്റിൻ കരയിലെത്തും. കിണറ്റിലേക്കു ബക്കറ്റിറക്കി വെള്ളം വലിച്ചു കയറ്റി എല്ലാവർക്കും കൊടുക്കും. അതവനൊരു ഹരമാണ്. അകത്തേക്കു കയറാനുള്ള ബെല്ലടിക്കുന്നതു വരെ പോക്കു കിണറിന്റെ അടുത്തു തന്നെയുണ്ടാവും, ബക്കറ്റ് മറ്റൊരാൾക്കും വിട്ടുകൊടുക്കാതെ. അതുകൊണ്ട് ചെറിയ കുട്ടികൾക്കും പെൺകുട്ടികൾക്കുമൊക്കെ പോക്കുവിനോട് പെരുത്തിഷ്ടമാണ്. അവർ ചിലപ്പോൾ പുളിയും നെല്ലിക്കയും ഉണ്ണിമാങ്ങയും പറങ്കിയണ്ടിയുമൊക്കെ അവനു കൊണ്ടുവന്നു കൊടുക്കും.

മറ്റുള്ളവർക്ക് അസൂയയുണ്ടാവാൻ ഇതൊക്കെ മതിയല്ലോ. ചില വീരന്മാർ പോക്കുവിനോടു ബക്കറ്റ് പിടിച്ചെടുക്കാൻ ശ്രമിക്കും. അത് ചിലപ്പോൾ അടിയിലാണ് കലാശിക്കുക. അടിയിൽ പോക്കുവിനോടു ജയിക്കാൻ പത്താളു വന്നാലും സാധിക്കില്ല. പോക്കുവിനു സഹായികളായി ഒട്ടേറെ കുട്ടികൾ വേറെയുണ്ടാകുമല്ലോ.

മറ്റുള്ളവരെ സഹായിക്കാനുള്ള താൽപര്യം കൊണ്ടൊന്നുമല്ല മറ്റു കുട്ടികൾ ബക്കറ്റ് പിടിച്ചെടുത്ത് വെള്ളം കോരാൻ ശ്രമിക്കുന്നത് എന്ന കാര്യം എല്ലാവർക്കുമറിയാം. അവർക്കും പോക്കുവിനെപ്പോലെ ആളാവാനുള്ള മോഹത്താലാണ്. പോക്കുവിന്റെ മുമ്പിൽ അതൊന്നും വിലപ്പോവില്ലെന്നു മാത്രം. വല്ല കാരണത്താലും പോക്കു ഒരു ദിവസം സ്കൂളിൽ വന്നില്ലെങ്കിൽ അന്നറിയാം ഈ പോക്കിരിയുടെ മഹത്വം. ചെറിയ കുട്ടികൾ കിണറ്റിൻ കരയിൽ വന്ന് 'ഇക്കാ, ചേട്ടാ, ഇത്തിരി വെള്ളം കോരിത്തരോ' എന്നു ചോദിച്ചാൽ അവരാരും ആ ഭാഗത്തേക്കു തിരിഞ്ഞുനോക്കുക പോലുമില്ല. അന്ന് ചെറിയ കുട്ടികളുടെ കാര്യം കഷ്ടം തന്നെയായിരിക്കും.

പോക്കുവിന്റെ നന്മകൾ ഇതു മാത്രമല്ല, ചില വിരുതന്മാരുണ്ടാവും വെറുതെ വികൃതികാട്ടുന്നവർ. ചെറിയ കുട്ടികളെയും പാവങ്ങളായ കുട്ടികളെയും കാണുമ്പോൾ അവരുടെ കൈ നൊച്ചിക്കളിക്കും. ഒന്നും പറഞ്ഞില്ലെങ്കിലും ചെയ്തില്ലെങ്കിലും അവർ വെറുതെ ഈ പാവങ്ങളുടെ തലയ്ക്കു കിഴുക്കും. പുസ്തകങ്ങൾ തട്ടി താഴെയിടും. കൊ

ഞനം കുത്തും. വായിൽ തോന്നിയതു വിളിച്ചുപറയും. ഇതെങ്ങാനും പോക്കു കണ്ടാൽ ആ വികൃതികളെ വെറുതെ വിടില്ല. തക്ക ശിക്ഷ അപ്പോൾ തന്നെ കൊടുത്തിരിക്കും. അതു കാരണം മിക്ക ദിവസവും ഒരു പ്രാവശ്യമെങ്കിലും പോക്കുവിന് ഏഡ്മാഷിന്റടുത്ത് പോകേണ്ടിവരാറുണ്ട്. എന്നാൽ അധിക കേസുകളിലും ഏഡ്മാഷ് പോക്കുവിനെ വെറുതെ വിടാറാണ് പതിവ്.

കുട്ടികൾക്കു മാത്രമല്ല മാഷ്മാർക്കും ഉപ്പുമാവ് വെക്കുന്നവർക്കുമൊക്കെ പോക്കുവിനെ വേണം. മാഷ്മാർക്ക് ചായ കൊണ്ടുവന്നു കൊടുക്കാനും ഉപ്പുമാവ് ചെമ്പ് പിടിക്കാനും മറ്റും പോക്കുവിനെ വന്നു വിളിക്കാറുണ്ട്. ഇങ്ങനെ കുറേ



നല്ല ഗുണങ്ങളുള്ളതു കൊണ്ട് മാഷ്മാർക്കും പോക്കുവിനോടിഷ്ടമാണ്. വലിയ പഠിത്തക്കാരനൊന്നുമല്ലെങ്കിലും മാഷ്മാരും ടീച്ചർമാരും അവനോട് സ്നേഹത്തോടെയാണ് പെരുമാറാറുള്ളത്.

സ്കൂള് വിട്ടാലും ഞങ്ങൾക്കു പോക്കു സഹായിയും തുണയുമാണ്. വഴിവക്കിലെ വലിയ മാവുകളിൽനിന്ന് മാങ്ങയെറിഞ്ഞു വീഴ്ത്താൻ പോക്കു തന്നെ വേണം. ഏതു മരത്തിലും അവൻ വലിഞ്ഞു കേറും. ഏതു വെള്ളത്തിലുമിറങ്ങി നീന്തും. ഇങ്ങനെ ഞങ്ങൾക്കിടയിൽ ഒരു ഹീറോ തന്നെയാണ് ഈ പോക്കു.

ഞാനിങ്ങനെ പൊക്കിപ്പറയുന്നത് അവനത്ര ഇഷ്ടമായില്ലെന്നു തോന്നുന്നു. കണ്ടില്ലേ, മുഖം ചുളിക്കുന്നത്. നല്ലതു മാത്രം എടുത്തു പറയുന്നതുകൊണ്ടായിരിക്കും. എന്നാൽ എപ്പോഴും അത്ര നല്ലവനായിരുന്നില്ല കേട്ടോ ഈ പോക്കു. ഒന്നാം തരം അടിപ്രിയനാണിവൻ. എവിടെ ആരു തമ്മിൽ അടി നടന്നാലും അതു കണ്ടാൽ പോക്കു ഓടിയെത്തും. ശരിയും തെറ്റുമൊന്നും നോക്കില്ല. ഇഷ്ടപ്പെട്ട ഒരു ഭാഗത്തു ചേരും. പിന്നെ നന്നായി കൊടുക്കുകയും ചിലപ്പോൾ കൊള്ളുകയും ചെയ്യും. 'എന്തിനായിരുന്നെടോ നീ വേണ്ടാതെ അതിലെടുത്തു ചാടിയത്' എന്നു ചോദിച്ചാൽ പോക്കുവിന്റെ മറുപടി പെട്ടെന്നു വരും: 'അവരെന്തിനായിരുന്നു അടി കൂടിയത്?' ഇങ്ങനെ വേണ്ടാത്തരത്തിൽ ചെന്നു ചാടി പൊതിരെ അടി വാങ്ങിയ സംഭവങ്ങൾ ധാരാളമുണ്ട്.

പിന്നെയുള്ള ഒരു കുഴപ്പം പോകുന്ന വഴിയിൽ മാവോ പുളിയോ മറ്റോ കായ്ച്ചു നിൽക്കുന്നതു കണ്ടാൽ പോക്കുവിന്റെ കൈകാലുകൾ അടങ്ങിനിൽക്കില്ല എന്നതാണ്. റോഡിലുള്ള മരങ്ങൾക്കു കല്ലെറിഞ്ഞാൽ ചോദിക്കാനാരും വരില്ല. എന്നാൽ ആരാന്റെ പറമ്പിലുള്ളതാണെങ്കിൽ അങ്ങനെയല്ലല്ലോ. ആരാന്റെ ഒന്നും തന്നെ അവരുടെ അനുവാദമില്ലാതെ എടുക്കരുതെന്നു പറഞ്ഞാൽ അത് പോക്കുവിന്റെ ചെവിയിലേക്കു കയറില്ല. മദ്റസയിലെ ഉസ്താദ് പറഞ്ഞിട്ടുപോലും അവനത് അനുസരിക്കാൻ കഴിഞ്ഞിട്ടില്ല. അങ്ങനെ ചെയ്തതിന്റെ പേരിൽ പലരും അവന്റെ വീട്ടിൽ ചെന്നു വരെ ചീത്ത പറഞ്ഞിട്ടുണ്ട്. എന്നിട്ടെന്താ, അവനു തന്റെ കൈകാലു

കളെ നിയന്ത്രിച്ചുനിർത്താൻ കഴിയാറില്ല. ഇങ്ങനെ യൊക്കെയാണെങ്കിലും എന്തൊക്കെ വികൃതികൾ കാണിച്ചാലും ഞങ്ങൾ പോക്കുവിനെ കൈയൊഴിയാറില്ല. അവൻ വളരെ നല്ലവനാണെന്നതു തന്നെ കാര്യം.

പോക്കുവിനെ പിണക്കിയാൽ പിന്നെ ആരാണ് ഞങ്ങൾക്ക് ആഴമുള്ള കിണറ്റിൽ നിന്നു വെള്ളം കോരിത്തരുക? ആരാണ് റോഡിലെ വലിയ മാവുകളിൽ നിന്നു മാങ്ങ വീഴ്ത്തിത്തരുക? ഇതു മാത്രമല്ല, സ്കൂളിലേക്കുള്ള വരവിലും പോക്കിലുമൊക്കെ പോക്കുവാണല്ലോ ഞങ്ങളുടെ നേതാവും രക്ഷകനും. വഴിയരികിലെ വീട്ടിൽ നിന്ന് ഒരു നായ കുരച്ചാൽ മതി, ഞങ്ങളൊക്കെ പേടിച്ചു നിലവിളിക്കും. രക്ഷക്കായി ഓടിയെന്നും വരും. എന്നാൽ പോക്കുവുമുണ്ടെങ്കിൽ ഒന്നും പേടിക്കാനില്ല. നല്ല ധൈര്യമാണ്.

ഇതു പറയുമ്പോൾ ഒരു ദിവസമുണ്ടായ രസകരമായ കാര്യം ഓർത്തുപോകുന്നു. സ്കൂൾ വിട്ട് വീട്ടിലേക്കു പോവുകയാണ്. പോക്കുവിന്റെ നേതൃത്വത്തിൽ ഞങ്ങൾ അഞ്ചെട്ടു പേരുണ്ട്. വഴിയരികിലെ രാമൻനായരുടെ വീട്ടിൽ നിന്നൊരു നായ കുരച്ചു. പോക്കുവുണ്ടല്ലോ കൂടെ. ഞങ്ങൾ ധൈര്യപൂർവ്വം പോക്കുവിനു ചുറ്റും കൂടി. പെട്ടെന്നാണ് നായ കുരച്ചുകൊണ്ട് റോഡിലേക്ക് ഓടിയിറങ്ങിയത്. അപ്പോൾ ഞങ്ങളുടെ ധൈര്യം ചോർന്നു പോയി എന്നു പറയേണ്ടതില്ലല്ലോ. നായ ഓടിവന്നു ഞങ്ങളുടെ ചുറ്റും വലയം വെക്കാൻ തുടങ്ങി. ഞങ്ങളാവട്ടെ, ഉറക്കെ നിലവിളിച്ചുകൊണ്ട് പോക്കുവിനു ചുറ്റും. പോക്കു സുരക്ഷിതൻ. നായയ്ക്ക് അവന്റെയടുത്തേക്ക് അടുക്കാനാവില്ലല്ലോ. ഞങ്ങളിൽ ചിലരെ നായ മാന്തുകയും കടിക്കുകയും ചെയ്തു. ഭാഗ്യത്തിനു രാമന്നായർ ഓടി വന്നതുകൊണ്ട് വലിയ അപകടമില്ലാതെ രക്ഷപ്പെട്ടു എന്നു പറഞ്ഞാൽ മതിയല്ലോ.

ഈ കാര്യം പറയുമ്പോഴൊക്കെ പോക്കു പറയും: "നിങ്ങളെല്ലാം കൂടി എന്നെ വളഞ്ഞ് അനങ്ങാൻ വയ്യാത്ത മട്ടിലാക്കിയതു കൊണ്ടല്ലേ. അല്ലെങ്കിൽ ഞാനൊരൊറ്റ ചവിട്ടിന് ആ നായയുടെ കഥ കഴിച്ചേനെ." അങ്ങനെയുള്ള വീരനാണ് ഈ പോക്കു.

(തുടരും)


ഡാബ്ബൂം ഫ്രണ്ട്സ്
എങ്ങോട്ടാ രണ്ടും കൂടെ ?
..പെയിന്റടിക്കാനുള്ള ഒരു വീട്ടിലേക്ക് പോവുകയാ! ..പെയിന്റടിക്കാൻ!!
ഫ്രീ ആയിട്ട് എന്ന് പറയെടാ!
ചങ്ങാതിമാർ പണിയിൽ
നീ ആ സൈഡീന്ന് അടിച്ച് തുടങ്ങിക്കോ!... ഞാൻ ഇവിടുന്ന് തുടങ്ങാം!
...സത്യം പറഞ്ഞാ... ..ഞാനൊരു "പിക്കാസ്സോ" ആവേണ്ട ആളായിരുന്നു...
പിക്കാസ്സോ? അതാരാ?
ങാ!? ..നമ്മളെ പോലെ ഒരു പെയിന്ററാണെന്ന് തോന്നുന്നു...
എടാ..നമ്മുടെ പെയിന്റിംഗ് കണ്ടാൽ... കണ്ടവർ ഞെട്ടണം!!
യസ്!! കാണാത്തവരും ഞെട്ടണം!!


ഹെടാ... സ്റ്റൂള് പൊട്ടിയെടാ !!
... പെയിന്റ് മറിഞ്ഞെടാ!!
ഠോർ
മതിലു മുഴുവനും കറുത്ത പെയിന്റ് ആയെടാ!!
.. ഇത് കണ്ടാൽ.. കണ്ടവരും ...കാണാത്തവരും.... ഞെട്ടും !!!
വീട്ടുകാരൻ വരും മുമ്പേ രക്ഷപ്പെടുന്നതാ ബുദ്ധി!
...എങ്കിൽ പിന്നെ.. വിട്ടോടാ...
പെയിന്റടിക്കാനുള്ള വീട്ടിലേക്ക് ഓടുകയാണോ?
അല്ലഹേ... ..പെയിന്റടിച്ച വീട്ടിലെ വീട്ടുകാരൻ അടിക്കാതിരിക്കാൻ ഓടുകയാ!!
F/2020

ചാരു

# മീനുക്കുട്ടിയും ദേവതയും

**അ**ങ്ങ് ദൂരെ കാടിനടുത്ത് ഒരു കുഞ്ഞു ഗ്രാമമുണ്ടായിരുന്നു, ആ ഗ്രാമത്തിൽ മീനു എന്നൊരു സുന്ദരിക്കുട്ടിയും.

അവൾ ഒരു പാവം കുട്ടിയായിരുന്നു. അച്ഛനും അമ്മയും മരിച്ചു പോയ മീനുക്കുട്ടിയെ നോക്കിയിരുന്നത് അവളുടെ ഒരു അമ്മായിയായിരുന്നു. ആ അമ്മായി വളരെ ദുഷ്ടയായിരുന്നു. അവർ മീനുക്കുട്ടിയെക്കൊണ്ട് വീട്ടിലെ എല്ലാ ജോലിയും ചെയ്യിക്കും. കാടിന്റെ അടുത്തുള്ള ഒരു കുടിലിലാണ് മീനുക്കുട്ടിയും അമ്മായിയും താമസിക്കുന്നത്.

അമ്മായിക്കൊരു മോളുണ്ട്; മീനുക്കുട്ടിയുടെ അതേ പ്രായമാണെങ്കിലും വലിയ വികൃതി. പാറുക്കുട്ടിയെന്നാണു പേര്.

മീനുക്കുട്ടിയെ പാറുക്കുട്ടി എപ്പോഴും ഉപദ്രവിക്കും. പാവം മീനുക്കുട്ടി എല്ലാം സഹിക്കും.

ഒരു ദിവസം വിറകൊടിക്കാൻ കാട്ടിൽ പോയിട്ട് വരാൻ വൈകി എന്നു പറഞ്ഞ് അമ്മായി മീനുക്കുട്ടിയെ വീടിനു വെളിയിലാക്കി വാതിലടച്ചു.



അതൊരു മഞ്ഞു കാലമായിരുന്നു.

മരങ്ങളിലും പാതകളിലും വീടിനു മുകളിലും മഞ്ഞു മൂടിയ കാലം. കൈ കാലുകൾ മരവിച്ചു പോകുന്ന മഞ്ഞിൽ വീടിനു പുറത്തിരിക്കുമ്പോൾ ആരോ തേങ്ങിക്കരയുന്നതു മീനുക്കുട്ടി കേട്ടു. അവൾ ചുറ്റും നോക്കി. ആരെയും കാണുന്നില്ല. അവൾ പേടിച്ചു വിറക്കാൻ തുടങ്ങി. വീടിന്റെ ഒരു മൂലയിൽ ഒതുങ്ങിയിരിക്കാൻ നോക്കുമ്പോൾ വീണ്ടും കരച്ചിൽ കേട്ടു. മീനുക്കുട്ടി ചുറ്റും നോക്കി. അപ്പോഴാണ് അവളത് കണ്ടത്; മഞ്ഞിൽ കിടന്നു തിളങ്ങുന്ന ഒരു ചിറക്. അവളാ ചിറകിലേക്കു സൂക്ഷിച്ചു നോക്കി. അവളുടെ കുഞ്ഞി ക്കണ്ണുകൾ അത്ഭുതം കൊണ്ട് വിടർന്നു. അതൊരു തുമ്പിപ്പെണ്ണായിരുന്നു. തലയിൽ കിരീടം വച്ചു, വെള്ളിച്ചിറകുകളുള്ള ഒരു തുമ്പിപ്പെണ്ണ്!

മീനുക്കുട്ടി തന്റെ കുഞ്ഞി വിരലുകൾ കൊണ്ട് ആ തുമ്പിപ്പെണ്ണിനെ കയ്യിലെടുത്തു. വിടർന്ന കണ്ണുകളിലേക്കു നോക്കി തുമ്പിപ്പെണ്ണ് മീനുക്കുട്ടിയോട് പറഞ്ഞു:

"മീനുക്കുട്ടീ, എന്റെ മന്ത്രവടി ഒന്നെടുത്തു തരാമോ?"

മീനുക്കുട്ടി ചുറ്റും നോക്കി.

അതാ കുറച്ചു മാറി മഞ്ഞിൽ പുതഞ്ഞു കിടക്കുന്ന ഒരു വടി. അതിന്റെ അറ്റത്തായി ഒരു കുഞ്ഞുനക്ഷത്രവുമുണ്ട്.

ഒരു കുഞ്ഞു വിരലിന്റെ അത്ര പോലുമില്ലാത്ത തുമ്പിപ്പെണ്ണിനോട് മീനുക്കുട്ടി ചോദിച്ചു: "നീയാരാ തുമ്പിപ്പെണ്ണേ? എന്തിനാ കരയുന്നത്? എന്തിനാ ഇവിടെ വന്നു കിടന്നത്."

തുമ്പിപ്പെണ്ണ് പറഞ്ഞു: "ഞാൻ ദൂരെ ആകാശത്താഴ്വരയിലെ ഒരു കുഞ്ഞു തുമ്പിയാണ്. ഓരോ ദിവസവും ഞങ്ങളുടെ കൂട്ടത്തിൽ ഓരോരുത്തർ ഓരോ വഴിയിലൂടെ പറക്കും. ആരെങ്കിലും എന്തെങ്കിലും സഹായം ആഗ്രഹിച്ചിരിക്കുന്നുണ്ടെങ്കിൽ ഞങ്ങളവരെ സഹായിക്കും. ഇന്ന് ഈ വഴിയിലൂടെ വന്നത് ഞാനാ

യിരുന്നു. പറന്നു തളർന്നപ്പോൾ ഞാൻ ആ കാണുന്ന ഇലയിൽ വിശ്രമിക്കാനിരുന്നു. ഈ വീട്ടിലെ ഒരു കൊച്ചുകുട്ടി എന്നെ പിടിച്ചു. അവൾ എന്റെ ഒരു ചിറകു വലിച്ചു പറിച്ചു. വേദന കൊണ്ട് ഞാൻ കരഞ്ഞു. ഒരു വിധത്തിൽ ഞാൻ കുതറി മാറി. ചിറകു മുറിഞ്ഞത് കൊണ്ട് എനിക്ക് പറക്കാൻ കഴിയുന്നില്ല. ഇനി എന്റെ ചിറകു നേരയാകുന്നതു വരെ ഞങ്ങളുടെ നാട്ടിലേക്കു പോകാനും കഴിയില്ല." ഇതും പറഞ്ഞു തേങ്ങിക്കരയുന്ന ദേവതയെ മീനുക്കുട്ടി തന്റെ മാറോടണച്ചു.

കനത്തമഞ്ഞിൽ വിറക്കുന്നുണ്ടെങ്കിലും കുഞ്ഞുതുമ്പിക്ക് തന്റെ ഉടുപ്പിന്റെ ഒരു കഷ്ണം കീറിയെടുത്ത് അവൾ കിടക്കയൊരുക്കി. തന്റെ തലയിലെ തൊപ്പി ഊരിയെടുത്തു പുതപ്പിച്ചു.

തണുപ്പ് കൊണ്ട് വിറയ്ക്കുന്ന മീനുക്കുട്ടിയെ കുഞ്ഞുതുമ്പി കീറിയ തൊപ്പിക്കുള്ളിലൂടെ നോക്കി. അവളുടെ കുഞ്ഞിക്കണ്ണുകൾ നിറഞ്ഞു.

കീറിപ്പോയ ചിറകുകൾ വീശാൻ അവൾ പരിശ്രമിച്ചു. പക്ഷേ ചിറകുകൾ കൂടുതൽ കീറിയതല്ലാതെ അവൾക്കതിനു കഴിഞ്ഞില്ല.

നേരം പുലരാറായപ്പോൾ മീനുക്കുട്ടിയുടെ അമ്മായി വാതിൽ തുറന്നു. ഒരു പാത്രം വെള്ളവും ഒരു കഷ്ണം റൊട്ടിയും വിറകു വെട്ടാനായി ഒരു കോടാലി



യും കൊടുത്തു

ഭക്ഷണവും വെള്ളവും കോടാലിയുമെടുത്തു കാട്ടിലേക്ക് പോകുമ്പോൾ മീനുക്കുട്ടി തന്റെ കുഞ്ഞു തുണിസഞ്ചിയിൽ കുഞ്ഞുതുമ്പിയെയും കൂടെ എടുത്തു. തനിക്ക് കിട്ടിയ റൊട്ടിയിൽ നിന്നു പകുതി എടുത്ത് അവൾ കുഞ്ഞുതുമ്പിക്കു കൊടുത്തു. കാട്ടിലെത്തി വിറകു വെട്ടാനൊരുങ്ങുമ്പോഴാണ് അവൾ കൂർത്ത മുള്ളുകൾ കണ്ടത്.

അവളുടെ കുഞ്ഞിക്കണ്ണുകൾ വിടർന്നു. ഒരു മുള്ള് അവൾ അടർത്തിയെടുത്തു. ചുറ്റും പരതി. ഒരു കൂർത്ത കല്ലും കണ്ടെടുത്തു.


ആ കല്ല് കൊണ്ട് അവൾ മുള്ളിലൊരു ഓട്ടയുണ്ടാക്കി. എന്നിട് അടുത്ത് പടർന്നു കിടക്കുന്ന വള്ളിച്ചെടിയുടെ നേർത്ത നാരുകൾ നുള്ളിയെടുത്തു മുള്ളിൽ ഉണ്ടാക്കിയ ഓട്ടയിലൂടെ കോർത്തു.

കുഞ്ഞുതുമ്പിയെ എടുത്ത് ശ്രദ്ധയോടെ അവളുടെ കുഞ്ഞിച്ചിറകുകൾ മീനുക്കുട്ടി തുന്നിച്ചേർക്കാൻ തുടങ്ങി. കീറിപ്പറിഞ്ഞ ചിറകുകൾ തുന്നിച്ചേർത്തതോടെ അതിൽ മനോഹരങ്ങളായ ചിത്രങ്ങൾ വിരിഞ്ഞു. അവൾ കുഞ്ഞുതുമ്പിയെ ഒരു ചെടിയിന്മേൽ വച്ചു. തന്റെ കുഞ്ഞു ചിറകുകൾ വീശി കുഞ്ഞുതുമ്പി നൃത്തം വച്ചു. അവൾ യാത്ര പറഞ്ഞു പാറിപ്പോകുന്നത് മീനുക്കുട്ടി നോക്കി നിന്നു.

അപ്പോഴേക്കും നേരം സന്ധ്യയായിരുന്നു. മീനുക്കുട്ടിക്ക് ഒരു കൊമ്പ് വിറകുപോലും വെട്ടാൻ കഴിഞ്ഞില്ല. പേടിയോടെയാണ് മീനുക്കുട്ടി വീട്ടിലെത്തിയത്.

പതിവുപോലെ അമ്മായി അവളെ നോക്കി നിൽപുണ്ടായിരുന്നു. വെറും കയ്യോടെ വരുന്ന മീനുക്കുട്ടിയെ പുറത്താക്കി അന്നും അമ്മായി വാതിലടച്ചു.

പാവം മീനുക്കുട്ടി! അന്ന് അ



വൾ മഞ്ഞിൽ തന്നെ ഇരുന്നു. കയ്യിലെ തുണിസഞ്ചിയിൽ നോക്കി അവളൊന്നു പുഞ്ചിരിച്ചു. അപ്പോഴാണ് വീടിന്റെ പിറകിൽ നിന്നു പാറുക്കുട്ടിയുടെ കരച്ചിൽ കേട്ടത്.

അവൾ വേഗം കരച്ചിൽ കേട്ടയിടത്തേക്കു ഓടി.

വീടിനു പിന്നിലുള്ള കിണറിന്റെ കരയിൽ നിന്നു കിണറ്റിലേക്ക് നോക്കി കരയുന്ന പാറുക്കുട്ടിയെയാണവൾ കണ്ടത്. മീനുക്കുട്ടി കിണറിലേക്ക് എത്തി നോക്കി. അവിടെ അതാ മീനുക്കുട്ടിയുടെ അമ്മായി വീണു കിടക്കുന്നു.

അതു കണ്ട് മീനുക്കുട്ടിയും ഉറക്കെ കരഞ്ഞു.

അപ്പോഴാണ് 'മീനുക്കുട്ടീ... മീനുക്കുട്ടീ...' എന്ന മധുരമായൊരു സ്വരം അവൾ കേട്ടത്. മീനുക്കുട്ടി ചുറ്റും നോക്കി. ഒരു കൂട്ടം തുമ്പികൾ. കൂട്ടത്തിൽ മീനുക്കുട്ടി രക്ഷിച്ച കുഞ്ഞു തുമ്പിയുമുണ്ട്.

കുഞ്ഞുതുമ്പി മീനുക്കുട്ടിയോട് ചോദിച്ചു: "മീനുക്കുട്ടീ, എന്തിനാ കരയുന്നത്? നിന്നെ ദ്രോഹിച്ച അമ്മായിയല്ലെ അവർ. അവർ മരിച്ചു പോയാൽ നിനക്കു സമാധാനത്തോടെ ജീവിക്കാമല്ലോ."

മീനുക്കുട്ടി നിഷേധാർത്ഥത്തിൽ തല കുലുക്കിപ്പറഞ്ഞു: "പാറുക്കുട്ടീടെ അമ്മ മരിച്ചാൽ പാറുക്കുട്ടിക്കും ആരും ഇല്ലാണ്ടാവും. അപ്പോ എന്നെപ്പോലെ പാറുക്കുട്ടിയെയും ആരെങ്കിലും ഉപദ്രവിക്കും. അത് പാറുക്കുട്ടിക്ക് സങ്കടമാവില്ലേ..." മീനുക്കുട്ടിയുടെ സംസാരം കേട്ടു. പാറുക്കുട്ടി ഓടി വന്നു അവളെ കെട്ടിപ്പിടിച്ചു. അത് കണ്ടു പുഞ്ചിരിയോടെ തുമ്പികൾ തങ്ങളുടെ മന്ത്രവടി കൊണ്ട് അമ്മായിയെ കിണറ്റിൽ നിന്നും രക്ഷപ്പെടുത്തി.

തന്നെ രക്ഷിച്ച മീനുക്കുട്ടിയുടെ നല്ല മനസ്സറിഞ്ഞ അമ്മായി അവളെ കെട്ടിപ്പിടിച്ചു നന്ദി പറഞ്ഞു.

എന്താവശ്യത്തിനും ഞങ്ങളെ വിളിക്കാമെന്നും പറഞ്ഞു കുഞ്ഞുതുമ്പികൾ ആകാശത്തേക്കുയർന്നു. മീനുക്കുട്ടിയും പാറുക്കുട്ടിയും അമ്മയ്ക്കൊപ്പം അവർക്കു കൈ വീശി യാത്ര പറഞ്ഞു.


നവംബർ 11 - ദേശീയ വിദ്യാഭ്യാസ ദിനം

# വിദ്യാഭ്യാസദിന ചിന്തകൾ



അബ്ദുസ്സലാം മണ്ണാർക്കാട്

**മൗ**ലാനാ അബുൽകലാം ആസാദിന്റെ ജന്മദിനമാണ് ഇന്ത്യയിൽ ദേശീയ വിദ്യാഭ്യാസ ദിനമായി ആചരിക്കുന്നത്. 1888 നവംബർ 11 മുതൽ 1958 ഫെബ്രുവരി 22 വരെയായിരുന്നു അദ്ദേഹത്തിന്റെ ജീവിതകാലം. കവി, ദാർശനികൻ, എഴുത്തുകാരൻ, സ്വാതന്ത്ര്യസമര സേനാനി തുടങ്ങിയ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ബഹുമുഖ പ്രതിഭയായിരുന്നു അദ്ദേഹം. ഇന്ത്യയുടെ പ്രഥമ വിദ്യാഭ്യാസ മന്ത്രിയായിരുന്നു. 2008 മുതലാണ് അദ്ദേഹത്തിന്റെ ജന്മദിനമായ നവംബർ 11 ഇന്ത്യയിൽ ദേശീയ വിദ്യാഭ്യാസ ദി


MOULANA AZAD

നമായി ആചരിച്ചു തുടങ്ങിയത്. 1947 മുതൽ 1958 വരെ അദ്ദേഹം വിദ്യാഭ്യാസ മന്ത്രിയായിരുന്നു. ദേശീയതയിലൂന്നിയ വിദ്യാഭ്യാസ നയങ്ങൾക്കായിരുന്നു അബുൽകലാം ആസാദ് രൂപം നൽകിയത്.

## പുതിയ വിദ്യാഭ്യാസ നയം

2020 ജുലൈ 29ന് കേന്ദ്രമന്ത്രാലയം പുതിയ വിദ്യാഭ്യാസ നയത്തിന് രൂപം നൽകി. 1986ലെ വിദ്യാഭ്യാസ നയത്തെ അടിമുടി പരിഷ്കരിക്കുകയാണ് പുതിയ വിദ്യാഭ്യാസ നയം. 2009 മുതൽ 2011 വരെ ഉത്തരാഖണ്ഡ് മുഖ്യമന്ത്രിയായിരുന്ന രമേശ് പൊക്രിയാൽ ആണ് നിലവിൽ കേന്ദ്രവിദ്യാഭ്യാസ മന്ത്രി.

## വിദ്യാഭ്യാസ ചിന്തകൾ

1. വിജ്ഞാനം വിശ്വാസിയുടെ കളഞ്ഞുപോയ സ്വത്താണ്. അതിനാൽ അത് എവിടെ കണ്ടാലും പെറുക്കിയെടുക്കുക.

**– മുഹമ്മദ് നബി(സ)**

2. ലോകത്തെ മാറ്റിയെടുക്കാൻ ഉപയോഗിക്കാവുന്ന ഏറ്റവും ശക്തിയേറിയ ആയുധമാണ് വിദ്യാഭ്യാസം.

**– നെൽസൺ മണ്ടേല**

3. സ്കൂളിന്റെ വാതിൽ തുറക്കുന്നയാൾ ജയിലിന്റെ വാതിൽ അടക്കുകയാണ് ചെയ്യുന്നത്.

**– വിക്ടർ ഹ്യൂഗോ**

4. എന്ത് ചിന്തിക്കണം എന്നല്ല. എങ്ങനെ ചിന്തിക്കണം എന്നാണ് കുട്ടികളെ പഠിപ്പിക്കേണ്ടത്.

**– ജീൻപിയാഷെ**

5. ചിന്തയെ ആശ്രയിച്ചാണ് പഠനം പുരോഗമിക്കുന്നത്

**– ഡേവിഡ് കോർബർഗ്**

6. വ്യക്തിയെയും സമൂഹ

ത്തെയും ഒരുപോലെ മാറ്റിയെടുക്കാൻ ശക്തിയുള്ള ഒരുപാധിയാണ് വിദ്യാഭ്യാസം

**- പെസ്റ്റലോസി**

7. വിദ്യാഭ്യാസം ദാരിദ്രത്തിനെതിരെയുള്ള ഇൻഷൂറൻസാണ്.

**- ഗാന്ധിജി**

8. വിദ്യഭ്യാസമെന്നത് ശിശുക്കളിലും മുതിർന്നവരിലും കായികവും ബുദ്ധിപരവും ആ



ത്മീയവുമായ നന്മകളുടെ പ്രകാശനവും വികസനവുമാണ്.

**- ഗാന്ധിജി**

9. ശിശു ഒരു പുസ്തകമാണ്. അധ്യാപകൻ അതിന്റെ ഓരോ പേജും സൂക്ഷ്മമായി പഠിക്കണം.

**- റൂസ്സോ**

10. നല്ല വീടാണ് ഏറ്റവും നല്ല വിദ്യാലയം. കാരണം സ്നേഹത്തിന്റെയും സഹകരണത്തിന്റെയും കേന്ദ്രമാണത്.

**- പെസറ്റലോസി**

11. നിങ്ങൾ ആദ്യം നിങ്ങളുടെ വിദ്യാർതഥികളെ പഠിക്കുക. കാരണം നിങ്ങൾക്കവരെപ്പറ്റി യാതൊന്നും അറിഞ്ഞുകൂട.

**- റൂസ്സോ**

12. വിദ്യാഭ്യാസത്തിന്റെ വേരുകൾ കയ്പ്പു നിറഞ്ഞവയും പഴങ്ങൾ മധുരമുള്ളവയുമായിരിക്കും.

**- അരിസ്റ്റോട്ടിൽ**

13. അറിവ്, സ്വഭാവം, സംസ്കാരം എന്നിവയുടെ ഉത്തേജനമായിരിക്കണം വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.

**- അരവിന്ദ്ഘോഷ്**

14. ഭാവി ജീവിതത്തിനു വേണ്ട തയ്യാറെടുപ്പല്ല വിദ്യാഭ്യാസം. അത് യഥാർത്ഥ ജീവിതം തന്നെയാണ്.

**- ജോൺഡ്യൂയി**

15. ജനനം മുതൽ മരണം വരെയുള്ള ഒരു തുടർപ്രക്രിയയാണ് വിദ്യാഭ്യാസം

**- ഇന്ദിരാഗാന്ധി**




# VOCASCAPE

**Dr Abdul Latheef V**

In English, the *Verb* has many different forms and one of such forms is called 's' form. This form of the verb is made by adding 's' to the base.

Study the given words and write their 's' forms. You may use a dictionary and pay attention to the minor spelling changes taking place in the case of some verbs.

E.g. manage- manages, worry- worries

| Column A | Column B |
|---|---|
| 1.carry | a)..................................... |
| 2.begin | b)..................................... |
| 3.climb | c)..................................... |
| 4.stitch | d)..................................... |
| 5.coach | e)..................................... |
| 6.marry | f)..................................... |

# Curious & Catchy Words

## Mouse Potato


Do you have the habit of spending a lot of time on computers? Have you had friends who are addicted to using computers a lot? Have you ever thought that such people have got special words in the English dictionary? The word to refer to such *a person who spends too much time using a computer is* ***Mouse Potato.***

- *My younger sister is a mouse potato.*
- *The pandemic has made many people become mouse potatoes.*

## Couch Potato

Do you have the habit of spending a lot of time watching television? Have you seen people who spend a lot of time sitting and watching television? Have you ever thought that the English vocabulary has got interesting words to name those types of people? The word to refer to such *a person who spends too much time before TV is* ***Couch Potato.***

- *He's turned into a real couch potato after buying a smart TV.*
- *During the FIFA World cup football, I was a couch potato.*


Master Imitable
I brought this fishing rod last month.
What about the hook ?
The hook, rod and the line made a set.
How much was it in total?
The whole set cost Rs. 60.
Ifeel like buying one.
Please teach me the basics.
No worries! I'll start from the ABC.
Isn't it to trap fish?
First we need to put on the bait on the hook


Then we have to put the line to water.
Okay. Then what?
You seem to be too curious to learn.
I never thought this could be very interesting.
Well. How do I know the fish has eaten the bait ?
If you feel a pull on the line, it means there is fish on the other end.
I taught you the ABC of fishing. Now please take over.
Thank you. Let me wait patiently.
Hi Riswan. Please come fast. I feel a pull !
What ? I didn't get you well.
Fine. Let's free the fishing line.
What's it for ?
continue

STORY LINE

# An earthly wish postponed to Heaven

Long back in Arabia, there was a small hut made of the leaves of a date palm. The fronds of the hut had developed holes and gaps here and there. The oven in that hut had witnessed many days without any fire being lit. The inhabitants too had to fast on alternate days due to the lack of food.

If you think it could be the house of a poor man you are absolutely wrong. It was the 'palace' of a ruler of the Islamic empire. The second Caliph, Siddique-al-Akbar lived in it with his family. One day his wife expressed her desire for a special sweet dish. Sidique (RA) felt sad because he did not have



enough money either to buy that dish from the market or to get the ingredients for cooking it at home. The 'Queen' then suggested, "let's save a penny from each day's expense. Once the amount becomes sufficient, I will tell you". Without a second thought, the Caliph agreed.

Many days passed by and she set aside a very meagre amount from each day's expense. After a few days, she counted the coins saved in dribs and drabs and found that they were enough to meet the need. When her husband, the 'King', came home she reminded him of her long-cherished desire for the dish.

As she handed in the savings and asked him to buy the stuff, a fear clouded his face and it grew pale. She couldn't grasp anything. Regaining herself from the shock, she said.

"My dear husband, what happened? why do you look so gloomy? Hope I didn't do anything wrong".

In a shivering voice, he said, "my dear other half, I'm afraid that these coins are forbidden to us. Since I'm the Caliph, it is lawful to take only a subsistence wage from the public treasury.

"If you could save these coins from our daily expenses for those days in the past, that means they were not really necessary for our family's sustenance. I believe they are illegal for us and we are bound to return it to the public treasury".

The 'Queen' under stood his words in the right sense and answered in the affirmative. Looking at those small pieces of coins, he said.

"Let me hand over this to the exchequer. I will also inform that the subsistence wage sanctioned for me has to be reduced because my wife could save from the earlier allowance".

Her eyes continued shedding tears of joy! Those drops of tears seemed to utter that she was proud of living with a man who took utmost care not to spend even a silly penny of the public treasury for his personal wellbeing. They also appeared to whisper to her ears that this unfulfilled wish could be accomplished in Heaven in thousand times with celestial taste!

## WORD HUNT

Stories can do a lot in improving your skills in English. As children it is very important to develop the habit of reading stories. If the stories are about great people and their experiences, they could teach us great lessons. As you read on, learn to pay attention to new words and try to guess their meanings from the context.

**Find out correct synonyms from the story for the given words**

| Words | Synonyms from the story |
|---|---|
| small house | |
| Bring back to memory | |
| enough | |
| sad | |
| unlawful | |
| happiness | |

## GO IDIOMATIC

*Idioms are a group of words whose meaning is different from the meanings of the individual words*. Using idioms in your English will make it very colourful and impressive.

**Trace the idioms from the story for the following words.**

1. *In small amounts:*

   ..........................................................................


2. *Without thinking much about something:*

   ..........................................................................




പ്രിയ ചങ്ങാതീ...

ഞങ്ങൾക്ക് നിന്നെ ഒത്തിരി ഇഷ്ടമാണ്. ഞങ്ങൾ നിന്നെ ഏറെ സ്നേഹിക്കുന്നു. നിനക്ക് സുഖമാണെന്നു കരുതുന്നു. നീ ഒരു അറിവിന്റെ കലാലയമാണ്. നീ നൽകുന്ന ഗുണകരമായ ചരിത്രങ്ങൾ ഞങ്ങൾക്ക് വളരെ ഉപകാരപ്രദമാണ്. കുസുമത്തിലെ മധുരമേറിയ നോവലുകൾ ഞങ്ങളെ ഏറെ സന്തോഷിപ്പിക്കുന്നു. ഇനിയും ഒരുപാട് വിഭവങ്ങളുമായി നീ വീണ്ടുമെത്തുമെന്ന പ്രതീക്ഷയോടെ നിന്റെ പ്രിയ കൂട്ടുകാരികൾ...



**ആദില, ഷിംല, ഫെമിന, മുർഷിദ, ഫിദ, ശിഫ, ലൈല, ഫഹ് മിദ**

**ഹയാത്തുൽ ഇസ്ലാം മദ്റസ, വട്ടപ്പാടം**

പ്രിയ കുസുമത്തിന്,

ഞാൻ ആദ്യമായിട്ടാണ് നിനക്കൊരു കത്തെഴുതുന്നത്. സഫറിന്റെ കഥ നല്ല ഗുണപാഠങ്ങൾ തരുന്നുണ്ട്. പ്രകൃതിനാട്ടിലെ സുകൃതിക്കുട്ടന്മാർ എന്ന നോവലിൽ ഉപ്പുമാവിൻ



ചെമ്പിൽ വീണ കഥ വായിച്ചു ഞങ്ങൾ കുറേ ചിരിച്ചു. ഫെബ്രുവരി ലക്കത്തിൽ ചേക്കുവിന്റെ വിശപ്പിന്റെ കാഠിന്യം ആലോചിച്ച് സങ്കടം വന്നു. മിസ്റ്റർ മണ്ടപ്പൻ സൂപ്പറാകുന്നുണ്ട്. ഇനിയും കൂടുതൽ പംക്തികളോടെ, അടുത്ത ലക്കത്തിനായി കാത്തിരിക്കുന്നു.

**നിയ ഷെറിൻ. വി**

**ക്ലാസ് – 7 ഹിദായത്തുൽ സുന്നി മദ്റസ, അരിയല്ലൂർ ബീച്ച്**



അബ്ദുന്നൂർ. എം
ക്ലാസ് - 6 എ
ഇർശാദിയ്യ സ്കൂൾ പന്താവൂർ



ഫെബിന. പി, ക്ലാസ് - 7
ബദ്‌രിയ്യ സുന്നി മദ്റസ പാലോട്ടിൽ





ഐബക് ശമീർ
സൗഭാഗ്യ- അരക്കിണർ



മുഹമ്മദ് ഹാദി അസ്‌ലാം



നജ വഹ്ജ സി.കെ
ക്ലാസ് - 9
ജലാലിയ്യ സുന്നി മദ്റസ



ആദിൽ. എസ്
ഹയാത്തുൽ ഇസ്‌ലാം
കൂനംപാലം





ഫാത്തിമ ഹാദിയ, ക്ലാസ് - 5
ബൈത്തുൽ ഇസ്സ, നരിക്കുനി



ഫിദാ ഫാത്തിമ സി.കെ, ക്ലാസ് - 4
നൂറുൽ ഇസ്‌ലാം മദ്റസ, കാപ്പംകൊല്ലി



അഞ്ചല ഹനാൻ, ക്ലാസ് - 4
നൂറുൽ ഇസ് ലാം മദ്റസ, കാപ്പംകൊല്ലി



ഫാതിമ തൻഹ
നജാത്തുസ്വിബിയാൻ മദ്റസ
പുതിയത്തുപുറായ




ശഹൻ ഫർവി പി.പി
മമ്പഉൽ ഹുദാ മദ്റസ
വട്ടപ്പാറഅടി



ആഇശ അജ്‌വദ
ക്ലാസ് - 6
യു.പി സ്കൂൾ പുന്നശ്ശേരി

***ചിത്രങ്ങൾ തപാൽവഴി മാത്രം അയക്കുക***




PRINTED AND PUBLISHED BY **P. KUNHAMMED KLARI** SAMASTHA ISLAMIC CENTRE, CALICUT - 673 006, PRINTED AT : GEETHANJALI OFFSET PRESS, CALICUT. HONORARY CHIEF EDITOR : **MUHAMMED PARANNUR**